# ക്രൈസ്തവ
# വനിത

**November - December 2022**



A fundamental Christian bi-monthly publication of the women, by the women, for the family

2022
November - December

Volume XV
Issue 6

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ

| | | |
|---|---|---|
| ദൈവത്തിന്റെ ഏദൻതോട്ടത്തിലെ... | മേരി അഞ്ചൻ | 1 |
| ശിഥിലമാക്കപ്പെട്ട വിവാഹ... | എൽസി ബേബി | 3 |
| ഒറ്റപ്പെടുന്നവർ | മഹേശ്വരി പുരന്ദരൻ | 5 |
| പുതിയ സൃഷ്ടി – രാഹാബ് | ജോയമ്മ സാംസൺ | 7 |
| ഇളം തെന്നലായി അരികിൽ ... | എൽസി തോമസ് | 10 |
| അപ്പന്റെ ആട്ടിൻകുട്ടി | ജെസി ബെൻസെൻ | 12 |
| കർത്താവായ ക്രിസ്തു.... | മോളിക്കുട്ടി ചാക്കോ | 14 |
| നന്ദി വേണോ പണം വേണോ | ഡോ. ചാൾസ് ജോൺ | 17 |
| മർദ്ദനം മത്സരം സ്നേഹം... | ഡോ. കുഞ്ഞുമോൻ ചാക്കോ | 19 |
| പ്രശ്നസാദ്ധ്യതാ മേഖലകൾ | ഡോ. ഉമ്മൻ ഫിലിപ്പ് | 21 |
| Seasoned Speech | Dr. Jane Anchan | 24 |
| Quest 86 | | Cover Back |

ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

CHRISTIAN WOMAN
*For private circulation only*

Editorial Board
Founder Editor
Annamma Charles John
Chief Editor
Mrs. Mary Anchan
Associate Editor
Mrs. Sherine Kingston
Sub Editor
Mrs. Sobha Selin

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349

*Editorial*



# ദൈവത്തിന്റെ ഏദൻതോട്ടത്തിലെ വാഗ്ദത്തം

സ്രഷ്ടാവായ ദൈവം ആദിമ മനുഷ്യനെയും തുണയായ സ്ത്രീയെയും നിഷ്പാപാവസ്ഥയിൽ സൃഷ്ടിച്ചു. സകല സൃഷ്ടികളുടെയും മകുടമായി സൃഷ്ടിച്ച മനുഷ്യനെ എല്ലാവിധ ഫലവൃക്ഷങ്ങളാലും നിബിഡമായിരുന്ന ഏദൻ തോട്ടത്തിൽ ആക്കി. സകല സൗഭാഗ്യങ്ങളുടെയും ഉടമകൾ ആയിരുന്ന അവർക്ക് ഒരു നിരോധനാജ്ഞ മാത്രം നല്കി. അവർ അതു ലംഘിച്ചു. പരിശുദ്ധനായ ദൈവത്തിന്റെ നിരന്തരസംസർഗ്ഗം നഷ്ടപ്പെടുത്തി. പാപത്തിന് അടിമകളായിത്തീർന്നു. പാപത്തിന്റെ ശമ്പളമായ മരണത്തിന് അധീനരായി. തോട്ടത്തിനുള്ളിലെ ജീവവൃക്ഷക്കനി തിന്ന്, മരണം സംഭവിക്കാതെ അവർ എന്നെന്നേക്കും പാപികളായി ജീവിതം തുടരാതിരിപ്പാനായി, കാരുണ്യവാനും സ്നേഹനിധിയുമായ ദൈവം അവരെ തോട്ടത്തിൽനിന്നും ബഹിഷ്ക്കരിച്ചു. മാത്രമല്ല അവർ തോട്ടത്തിൽ പുനഃപ്രവേശം ചെയ്യാതിരിപ്പാൻ കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി കാവൽനിർത്തി. എന്നാൽ ശിക്ഷയോടൊപ്പം തന്നെ പ്രത്യാശയുടെ വാഗ്ദാനവും ദൈവം നല്കുന്നതായി കാണുന്നു (ഉൽപ. 3:15). പാപിയായ മനുഷ്യന്റെ ദൈവ സംസർഗ്ഗം പുനഃസ്ഥാപിക്കുന്നതിനും പാപത്തിന്റെ ശിക്ഷ ഏറ്റെടുക്കേണ്ടതിനുമായി തന്റെ പുത്രനെ ത്തന്നെ ലോകത്തിലേക്ക് അയയ്ക്കുവാൻ ദൈവം തീരുമാനിച്ചു. ആയതിന്റെ നിവൃത്തിക്കായി ഒരു ജനതയെ തിരഞ്ഞെടുപ്പാനായി, കല്ദയരാജ്യത്തെ മെസെപ്പൊതോമ്യ എന്ന സ്ഥലത്തുനിന്നും (ഇന്നത്തെ ഇറാക്) അബ്രാഹാം എന്ന പുരുഷനെ ദൈവം തനിക്കായി വേർതിരിച്ചു. അദൃശ്യനായ ദൈവത്തിന്റെ ആഹ്വാനം അനുസരിച്ച് എവിടേക്കു പോകുന്നു എന്നറിയാതെ ദൈവത്തിന് പൂർണ്ണവിധേയനായി ദൈവത്തെ അനുഗമിച്ച അബ്രാഹാമിന്റെ സന്താന പരമ്പരയായ യെഹൂദജനത്തിന്റെ ചരിത്രമാണ് തിരുവചനത്തിൽ പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യേശു എന്ന മശിഹായുടെ തിരുഅവതാരത്തെക്കുറിച്ചും, ജന്മസ്ഥലത്തെക്കുറിച്ചും പഴയനിയമപ്രവാചകന്മാർ പ്രവചിച്ചിട്ടുണ്ട്. കൂടാതെ അവന്റെ ക്രൂശുമരണത്തെയും, പുനരുത്ഥാനത്തെക്കുറിച്ചും പ്രവചിച്ചിട്ടുണ്ട്.

ദൈവത്താൽ നിശ്ചയിക്കപ്പെട്ട കാലസമ്പൂർണ്ണതയിൽ ദൈവപുത്രനായ യേശു ബേത്‌ലെഹേമിൽ ഭൂജാതനായി. രാത്രിയിൽ ആട്ടിൻകൂട്ടത്തെ കാവൽ കാത്ത് വെളിമ്പ്രദേശത്ത് കിടന്നിരുന്ന ആട്ടിടയന്മാർക്കാണ് ലോകരക്ഷകന്റെ ജന്മത്തെക്കുറിച്ചുള്ള സദ്വർത്തമാനം ദൂതന്മാർ മുഖാന്തരം പ്രഖ്യാപിച്ചത്.

കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു എന്ന സന്ദേശം കേട്ടപ്പോൾ ആട്ടിടയർ ദൂതൻ നിർദ്ദേശിച്ച സ്ഥലത്തേക്കുപോയി പൈതലിനെ കാണുകയും ഈ സന്തോഷവാർത്ത മറ്റുള്ളവരോടു പ്രസ്താവിക്കുകയും ചെയ്തു.

ഒരു ഐതിഹ്യത്തെ ആധാരമാക്കി കേരളജനത ജാതിമത ഭേദമെന്യെ ഓണം എന്ന ഉത്സവം ആചരിക്കുന്നതുപോലെ അനേകരും ക്രിസ്തുമസ് ആഘോഷിക്കുന്നു. സമ്മാനങ്ങൾ കൈമാറുക, വിരുന്നുകൾ നടത്തി ആഘോഷിക്കുക എന്നിത്യാദിയിൽ ഉല്ലസിച്ച് ആനന്ദിക്കുന്നതാണ് അവരുടെ ക്രിസ്തുമസ്സ്! ക്രിസ്തുവിന് യാതൊരു സ്ഥാനവുമില്ലാത്ത ക്രിസ്മസ്സ് ആഘോഷങ്ങൾ അർത്ഥശൂന്യവും, നിഷ്പ്രയോജനമാണ്.

ദൈവപുത്രനായ യേശു മനുഷ്യനായി അവതരിച്ച്, നമ്മുടെ പാപത്തിന്റെയും, ന്യായവിധിയുടെയും ശിക്ഷ തന്മേൽ വഹിച്ചുകൊണ്ട്, കുരിശിലെ ത്യാഗംമൂലം പാപിയായ മനുഷ്യനെ പരിശുദ്ധനായ ദൈവവുമായി നിരപ്പിക്കുന്നതിനാണ് ഈ ലോകത്തിലേക്ക് വന്നത്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ.3:16). അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു (യോഹ.1:12). ഉൽപത്തി 3:15 ദൈവത്തിന്റെ വാഗ്ദത്തം ഇവിടെ നിറവേറുന്നതായി കാണുന്നു. മരണത്തെയും, പാതാളത്തെയും, സാത്താനെയും ജയിച്ച് വിജയശ്രീലാളിതനായ കർത്താവിന്റെ പുനരുത്ഥാനമാണ് ഒരു ക്രിസ്ത്യാനിയുടെ വിശ്വാസത്തിന്റെ അടിസ്ഥാനം.

ഇതുവരെയും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചിട്ടില്ലാത്തവർ അവനെ ഹൃദയത്തിൽ സ്വീകരിച്ച് പാപപരിഹാരം പ്രാപിച്ച് നിത്യജീവന് അവകാശികളായിത്തീരാൻ കർത്താവു കൃപചെയ്യട്ടെ. നിഷ്പ്രയോജനമായ ആചാരാനുഷ്ഠാനങ്ങളേ ത്യജിക്കാം. നമ്മുടെ പാപപരിഹാരത്തിനായി തന്റെ ജീവനെ ക്രൂശിന്മേൽ യാഗമായി അർപ്പിച്ച്, നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യുന്ന യേശുക്രിസ്തുവിനെ നമ്മുടെ കർത്താവും, രക്ഷിതാവുമായി സ്വീകരിപ്പാൻ കർത്താവു സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**മേരി അഞ്ചൻ, തുംകൂർ**
ചീഫ് എഡിറ്റർ

## ക്വസ്റ്റ് 85 –ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
2. സൂസമ്മ എബ്രഹാം, കോത്തല, കോട്ടയം
3. ജോയമ്മ സാംസൺ, കൊല്ലം
4. എത്സി തോമസ്സ്, മീൻതുള്ളി കണ്ണൂർ
5. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
6. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
7. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
8. റൂബി സ്മിത്ത് ലാൽ, സൗത്ത് ചിറ്റൂർ, എറണാകുളം
9. സിനു ജോൺ, മരുതൂർ, തിരുവനന്തപുരം
10. ബിന്ദു സി.എസ്. വഞ്ചിയൂർ, തിരുവനന്തപുരം
11. ബീനാ സുരേഷ്, കരകുളം, തിരുവനന്തപുരം
12. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി

***ക്വസ്റ്റ് 85 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.***
***വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ***

# ശിഥിലമാക്കപ്പെട്ട വിവാഹബന്ധങ്ങൾ

**എൽസി ബേബി, ന്യൂ യോർക്ക്**



"വിവാഹ ബന്ധങ്ങൾ ശിഥിലമാകുന്നതിൽ കോടതിക്ക് ആശങ്ക" എന്ന വാർത്ത കേരളാ എക്സ്പ്രസ്സിൽ വായിച്ചപ്പോൾ അത്ഭുതമല്ല സങ്കടമാണ് തോന്നിയത്. കാരണം, ആദിയിൽ പരിശുദ്ധനായ ദൈവം തന്റെ പരിശുദ്ധിയിൽ അടിസ്ഥാനമിട്ടു മാനവജാതിക്കു നല്കിയ വിവാഹമെന്ന പരിശുദ്ധ കൂദാശയെ വികടമാക്കി. ശിഥിലമാക്കി സമൂഹത്തെ മാത്രമല്ല, മനുഷ്യ ഹൃദയങ്ങളേയും, ജീവിതങ്ങളേയും വേദനിപ്പിച്ചു, സമാധാനവും, സന്തുഷ്ടിയും നഷ്ടപ്പെടുത്തി കുടുംബവും, തലമുറകളും ശിഥിലമാക്കപ്പെടുത്തുന്ന ഘോരവിപത്ത്! ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവർ കുടുംബങ്ങളായി, തലമുറകളായി പെരുകി ഒരു സന്തുഷ്ടജീവിതം നയിക്കേണ്ടതിനാകുന്നു. ദൈവം കൂട്ടിയോജിപ്പിക്കുന്ന പരിശുദ്ധ വിവാഹത്തിനെതിരെ തങ്ങൾക്കുവേണ്ടിയവരെ ബോധിച്ചതുപോലെ തിരഞ്ഞെടുത്ത് ദൈവഹിതമല്ലാത്ത വിവാഹങ്ങൾ നടത്തി അധികനാൾ കഴിയുന്നതിനു മുമ്പേ തന്നെ വഴക്കിട്ടും, വേർപെട്ടും, വസ്ത്രം മാറുന്നതുപോലെ ഭാര്യാഭർത്തൃബന്ധങ്ങൾ മാറ്റിമറിച്ച് സുഷുപ്തിയിൽ ജീവിക്കാൻ വെമ്പൽ കൊള്ളുന്ന ബുദ്ധിഹീനരായ മനുഷ്യർ! കൊലപാതകങ്ങളും മറ്റ് അധർമ്മങ്ങളും പോലെ കോടതി മുമ്പാകെ ന്യായവിസ്താരത്തിനുവയ്ക്കേണ്ട ഒന്നാകുന്നുവോ വിവാഹം? ലജ്ജാകരം എന്നല്ലാതെ എന്തു പറയാൻ! മറ്റേതു സാമൂഹ്യവിരുദ്ധ പ്രവൃത്തികൾപോലെ തന്നെ കുടുംബകലഹങ്ങളും വിവാഹമോചനങ്ങളും, ക്രമാതീതം വർദ്ധിച്ചു വരുന്നതിന്റെ കാരണം എന്താകുന്നു? എവിടെയാണ് തെറ്റുപറ്റിയിരിക്കുന്നത്, ഇവിടെ വല്ല പ്രതിവിധിയും ഉണ്ടോ എന്നൊക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവത്താൽ പണിയപ്പെടുന്ന സന്തുഷ്ടകുടുംബത്തിന്റെ അടിസ്ഥാനമാകുന്നു വിവാഹം. ദൈവത്താൽ തിരഞ്ഞെടുത്തു യോജിപ്പിക്കുന്ന സ്ത്രീ പുരുഷന്മാർ തമ്മിലുള്ള പവിത്രസംഗമമാകുന്നു വിവാഹം. ഈ സ്വർഗ്ഗീയ സത്യം മാതാപിതാക്കൾ തക്ക മാതൃക കാണിച്ചു മക്കളെ വളർത്തേണ്ടത് അത്യാവശ്യമാകുന്നു. ബാല്യകാലം മുതലേ തന്നെ മക്കളെ ലോകത്തിലെ മഹാന്മാരും ഉന്നതന്മാരുമാക്കാനുള്ള മാതാപിതാക്കളുടെ ആഗ്രഹങ്ങൾ വെടിഞ്ഞ് മക്കൾ, അവർക്കും സമൂഹത്തിനും കൊള്ളാവുന്ന പൗരന്മാരായി വളർന്നു കാണുവാനാഗ്രഹിക്ക. ബാല്യകാലം മുതലേ തന്നെ ആൺകുട്ടികളേയും പെൺകുട്ടികളേയും, വിവാഹത്തെക്കുറിച്ചും, വിവാഹജീവിതത്തെക്കുറിച്ചും, സന്തുഷ്ടകുടുംബജീവിതത്തെക്കുറിച്ചും മാതൃകകാട്ടി, ബുദ്ധിഉപദേശിച്ചു വളർത്തുക. വിവാഹം എന്നത് ദൈവത്താൽ കൂട്ടിച്ചേർക്കുന്ന പരിശുദ്ധ കൂദാശയാകുന്നുവെന്നും, അതിനായി പ്രാർത്ഥിച്ചു കാത്തിരിക്കണമെന്നും കുഞ്ഞുങ്ങളെ ബാല്യകാലം മുതലേ പറഞ്ഞു മനസ്സിലാക്കുക. വിവാഹിതരാകാൻ തയ്യാറായതിനുശേഷം മാത്രമേ മക്കളെ അതിനായി ഉത്സാഹിപ്പിക്കാവൂ. ഒരിക്കൽ വിവാഹിതരായാൽ അതു ജീവിതാന്ത്യം വരെ കാത്തു സൂക്ഷിക്കുവാൻ ഭാര്യയും ഭർത്താവും ബാദ്ധ്യസ്ഥരാണെന്നും, ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കാൻ പാടില്ല എന്നുമുള്ള ദൈവിക ന്യായപ്രമാണം മക്കളെ പറഞ്ഞു പഠിപ്പിച്ചിട്ടുവേണം വിവാഹിതരാക്കുവാൻ. ഈ വിഷയത്തേക്കുറിച്ച് മാതാ

പിതാക്കളും മക്കളും ഒന്നിച്ചിരുന്നു സംസാരിക്കയും, മക്കൾക്കു തങ്ങളുടെ ആഗ്രഹങ്ങളും ആശയങ്ങളും തുറന്നു പറയുവാനുള്ള അവസരങ്ങൾ നല്കി അവരെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ പറയുന്നതു മക്കൾ അംഗീകരിക്കുന്നില്ല എന്നു കാണുമ്പോൾ ഉത്തമന്മാരായ ആത്മീയ ഗുരുക്കളുടെ സഹായം തേടുകയും മക്കളെ അതിനുള്ള ബോധവല്ക്കരണം നല്കി തയ്യാറാക്കിയതിനു ശേഷം മാത്രമേ വിവാഹിതരാക്കാവൂ. വിവാഹപ്രായമായ സ്ത്രീ-പുരുഷന്മാർ തമ്മിൽ തമ്മിൽ ആകർഷിതരാകുന്നതും സ്നേഹം പങ്കിടുന്നതും സ്വാഭാവികമാകുന്നു. പക്ഷെ വിവാഹത്തിനുമുമ്പ് യാതൊരു കാരണവശാലും തങ്ങളുടെ ശരീരം പങ്കുവയ്ക്കുന്നത് അവിഹിതവും, അപായകരവുമാകുന്നുവെന്ന് അവരെ ബോധവാന്മാരാക്കുക. വിവാഹിതരാകുന്നതിനുമുമ്പ് അവർ കേവലം സ്നേഹിതർമാത്രം, വിവാഹശേഷം അവർ ഭാര്യാഭർത്തൃബന്ധത്തിലേക്കു പ്രവേശിക്കുമ്പോൾ അവരുടെ ബന്ധങ്ങളും, സ്വഭാവവും, ആശയങ്ങളും, ആഗ്രഹങ്ങളുമെല്ലാം പാടേ വ്യത്യസ്തമായിരിക്കുമെന്നും അവ മനസ്സിലാക്കി അന്യോന്യം പൊരുത്തപ്പെട്ടുപോകാൻ തയ്യാറായിരിക്കണമെന്ന് മക്കളെ ബോധവാന്മാരാക്കുക. ദൈവം കൂട്ടിയോജിപ്പിക്കുന്ന ഭാര്യാഭർത്താക്കന്മാർ മിക്കവാറും അന്യോന്യം പൊരുത്തപ്പെടാത്ത സ്വഭാവമുള്ളവരായിരിക്കും എന്ന് വിവാഹത്തിനുമുമ്പുതന്നെ സ്ത്രീ-പുരുഷന്മാർ അറിഞ്ഞിരിക്കണം. വാ തോരാതെ സംസാരിക്കുന്ന ഭാര്യയ്ക്കു ലഭിക്കുന്ന ഭർത്താവ് മിതഭാഷിണിയായിരിക്കും. ഭർത്താവു ധാരാളിയാണെങ്കിൽ ഭാര്യ മിതമായി ചെലവാക്കുന്നവളായിരിക്കും. സാധാരണ നാം ഉപയോഗിക്കുന്ന ഇലക്ട്രോണിക്ക് ഉപകരണങ്ങൾ നെഗറ്റീവും, പോസിറ്റീവും തമ്മിൽ യോജിപ്പിച്ചു പ്രവർത്തിക്കുന്നതുപോലെ അന്യോന്യം പൊരുത്തമില്ലാത്ത സ്വഭാവക്കാരായിരിക്കും എന്ന മുന്നറിയിപ്പ് ഉണ്ടായിരിക്കുന്നതു നല്ലതായിരിക്കും. "ഞാനിതറിഞ്ഞില്ലല്ലോ"! ഇങ്ങനെയൊന്നുമല്ല ഞാൻ പ്രതീക്ഷിച്ചതെന്ന്'' ഭാര്യയോ ഭർത്താവോ ഒരിക്കലും പറയാൻ പാടില്ല. ഭർത്താവിനില്ലാത്ത കഴിവുകൾ ഭാര്യയ്ക്കും, ഭാര്യയ്ക്കില്ലാത്ത കഴിവുകൾ ഭർത്താവിനും നല്കി ആയിരിക്കും ദൈവം ഭാര്യാഭർത്താക്കന്മാരെ കൂട്ടിയോജിപ്പിക്കുന്നത് എന്ന അറിവുണ്ടായിരിക്കണം. ഇത്രയൊക്കെ മുന്നറിവുകൾ നല്കി വിവാഹിതരാക്കിയാൽ പല പ്രശ്നങ്ങളും പരിഹരിക്കാനാകും. വിവാഹ സമയത്തെടുക്കുന്ന ഉഭയസമ്മതം അങ്ങേയറ്റം ഗൗരവമേറിയ ഒരു 'നിയമ'ത്തിന്റെ അന്യോന്യമുള്ള സമ്മതമാകുന്നു. ജീവിതാന്ത്യം വരെ ലംഘിക്കാനാവാത്ത നിയമമാകുന്നുവെന്ന് ഭാര്യാ ഭർത്താക്കന്മാർ അറിഞ്ഞിരിക്കണം. അതിനു ലംഘനം വരാതെ കാത്തു സൂക്ഷിക്കാനുള്ള ചുമതല ഇരുകൂട്ടർക്കും ഉണ്ടായിരിക്കണം. "ഞാൻ മൂലം അതിനൊരു വിഘ്നവും വരുത്തുകയില്ല" എന്ന തീരുമാനം നാം ഓരോരുത്തരും എടുത്തിരിക്കണം. ഭാര്യാഭർത്തൃബന്ധത്തിനു ഹാനിവരത്തക്ക യാതൊരു കാര്യവും വിവാഹജീവിതത്തിൽ വരാൻ പാടില്ല. വിവാഹശേഷം ഭാര്യയും ഭർത്താവും തങ്ങളുടെ സ്വഭാവങ്ങൾ അന്യോന്യം പങ്കുവയ്ക്കുക. അതനുസരിച്ചു പെരുമാറേണ്ടതാകുന്നു. ഒരാൾ ക്ഷിപ്രകോപക്കാരനാകുന്നുവെങ്കിൽ കഴിവതും കോപിപ്പിക്കാതെ നോക്കുക. അഭിപ്രായവ്യത്യാസങ്ങളും വാക്കുതർക്കങ്ങളും സ്വാഭാവികമാകുന്നുവെങ്കിലും വാക്കുകൾ ശ്രദ്ധിക്കുക. നാവിനെ കടിഞ്ഞാണിടുവാൻ ശ്രദ്ധിക്കുക. വാക്കുതർക്കങ്ങൾ മൂത്ത് വഴക്കുണ്ടാകുന്നതിനുമുമ്പേ നിർത്തുക. ഭാര്യാഭർത്തൃബന്ധത്തിൽ ഒരു രഹസ്യവും പാടില്ല. ഭയം, സംശയം, തെറ്റിദ്ധാരണകൾ, ആകാത്ത വാക്കുകൾ ഇവ ദാമ്പത്യ ജീവിതത്തെ തകർക്കുവാൻ പറ്റിയ വിഷം നിറഞ്ഞ മൂർച്ചയേറിയ ആയുധങ്ങളാകുന്നു. അവ പാടേ നീക്കം ചെയ്യുക. ഭാര്യാഭർത്തൃബന്ധത്തിൽ "ലൈംഗിക സുഖം" വിവാഹിതരായവർക്കു മാത്രം സുഖിച്ചാനന്ദിക്കുവാൻ ദൈവം നല്കിയിട്ടുള്ള വരദാനമാകുന്നു. സ്ത്രീകളേക്കാൾ

ശേഷം പേജ് 9 കാണുക

# ഒറ്റപ്പെടുന്നവർ

**മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ**



ഈ കാലഘട്ടത്തിൽ നമുക്ക് ചുറ്റും കണ്ടുവരുന്ന ചില യാഥാർത്ഥ്യങ്ങളാണ് ഇതു എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. ഇന്ന് ഏറ്റവും കൂടുതൽ ഒറ്റപ്പെടുന്നവർ വാർദ്ധക്യത്തിന്റെ പ്രയാസങ്ങളിലൂടെ കടന്നു പോകുന്ന വൃദ്ധ മാതാപിതാക്കളാണ്. അവരുടെ വേദനകൾ മനസ്സിലാക്കാൻ ഈ തലമുറയ്ക്ക് കഴിയുന്നില്ല. എന്നു മാത്രമല്ല അവർ ധന സമ്പാദ്യത്തിനായി ഓടുമ്പോൾ അവരെ ശ്രദ്ധിക്കാനുള്ള സമയവുമില്ല. വീടുകളുടെ അകത്തളങ്ങളിൽ ഒതുങ്ങി കൂടേണ്ടി വരുന്ന വാർദ്ധക്യകാലം വളരെ പിരിമുറുക്കം ഉളവാക്കുന്നു. നിരാലംബരും രോഗികളുമായി കഴിയുമ്പോൾ കഴിഞ്ഞകാല ഓർമ്മകൾ അവരെ വല്ലാതെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കും. ഇന്നത്തെ തലമുറ സുഖ സമൃദ്ധിയിൽ നിന്നും തന്റെ മക്കളുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച് അവരെ വളർത്തുന്നതു കാണുമ്പോൾ, തങ്ങൾ ഒരു കാലത്ത് തന്റെ മക്കളെ വളർത്താൻ മുണ്ടുമുറുക്കി ഉടുത്തു ഉള്ള ആഹാരം മക്കൾക്ക് വിളമ്പിക്കൊടുത്തു കഞ്ഞിവെള്ളം കുടിച്ച് തൃപ്തിയടഞ്ഞു. ഒട്ടിയ വയറും വാടിയ മുഖവുമായി മക്കളുടെ വളർച്ചയിൽ ആനന്ദം കണ്ടെത്തി അവരുടെ ഓരോ ഉയർച്ചയിലും അഭിമാനത്തോടെ മക്കളെ കുറിച്ച് വാതോരാതെ പറഞ്ഞു നടന്നവർ. മക്കൾക്ക് നല്ല വിവാഹങ്ങൾ വന്ന് കുടുംബജീവിതം ആരംഭിക്കുമ്പോൾ പലരും താനും കുടുംബവും മാത്രമുള്ള ഒരു ജീവിതത്തിലേക്ക് മാറ്റപ്പെടുന്നു. അപ്പോൾ തങ്ങളെ വളർത്തുവാൻ രാപ്പകൽ അധ്വാനിച്ച മാതാപിതാക്കൾ അവർക്ക് അന്യമായ് തീരുന്നു. തങ്ങളുടെ കൊച്ചുമക്കളെ വേണ്ടുവോളം ലാളിക്കാനും മുത്തശ്ശിക്കഥകൾ പറഞ്ഞു കൊടുത്തു അവരെ ചേർത്തു കിടത്തി ഉറക്കാനുമുള്ള അവരുടെ ആഗ്രഹങ്ങൾ ഇന്ന് പലർക്കും നഷ്ടമായിരിക്കുന്നു. മാത്രമല്ല, അവർക്ക് എന്തെങ്കിലും അസുഖം ഉണ്ടായാൽ കൊച്ചുമക്കളെ കൊണ്ടുവന്ന് കാണിക്കാൻ പോലും മക്കൾ തയ്യാറാകുന്നില്ല. ഇവരിൽ ഒരാൾ മരിച്ചെന്ന് ഇരിക്കട്ടെ. മറ്റേ ആളെ നല്ലവാക്കു പറഞ്ഞു സ്നേഹം നടിച്ച് മക്കൾ വന്നു കൊണ്ടുപോവുകയും അവർ താമസിച്ചിരുന്ന വീടും സ്ഥലവും വിറ്റ് പണം കൈവശമാക്കാൻ ശ്രമിക്കുന്നവരെയും കാണാം. പിന്നീട് ഒറ്റപ്പെടുന്ന ആ ജീവിതങ്ങൾ അനുഭവിക്കുന്ന കഷ്ടം പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്. ഈ സമയങ്ങളിൽ പലരും ആത്മഹത്യ ചെയ്യുന്നതായി കണ്ടുവരുന്നു. അല്ലെങ്കിൽ ആ വ്യക്തി അവർക്ക് വലിയ ഭാരമായി തീരുകയും പെട്ടെന്ന് മരിക്കുന്നില്ല എന്ന് കാണുമ്പോൾ അനാഥാലയങ്ങളിലും, ക്ഷേത്രനടകളിലും ഇറക്കിവിടുന്നവരെയും കണ്ടുവരുന്നു. ഇങ്ങനെ ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്. ഭാര്യയുടെ നിർബന്ധപ്രകാരം അമ്മയെ കൊക്കയിൽ എറിഞ്ഞ് കൊല്ലുവാൻ വേണ്ടി കൊട്ടയിൽ ഇരുത്തി മലമുകളിലേക്ക് കയറുന്ന മകന്റെ കാൽ കല്ലിൽ തട്ടിയപ്പോൾ കൊട്ടയിൽ ഇരുന്ന് അമ്മ "അയ്യോ എന്റെ മകനെ നിനക്ക് വല്ലതും പറ്റിയോ" എന്ന് ചോദിച്ചു ഉറക്കെ കരഞ്ഞു. ഇതുകേട്ട് മകന്റെ മനസ്സലിഞ്ഞു അമ്മയെ തിരിച്ചുകൊണ്ടുവന്നു എന്നു കേട്ടിട്ടുണ്ട്. എന്നാൽ ഇന്ന് പല മക്കളുടെ മനസ്സിനു അത്ര പോലും അലിവില്ലാത്തതായി തീർന്നിരിക്കുന്നു. മക്കളുടെ വീടുകളിൽ വളർത്തുന്ന നായയുടെ വിലപോലും ചില മാതാപിതാക്കൾക്ക് ലഭിക്കുന്നില്ല. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ മക്കളെ ഭയന്നു വീടുകളിൽ അന്തിയുറങ്ങാൻ കഴിയാത്തവരും ഉണ്ട്.

സ്വന്തം മകൾ സ്വത്തിനുവേണ്ടി അമ്മയെ വിഷം കൊടുത്തു കൊന്നതും അച്ഛൻ ഭാഗ്യവശാൽ രക്ഷപ്പെട്ടതുമായ വാർത്ത ഈയിടെ നമ്മൾ കേട്ടുവല്ലോ.

ഇങ്ങനെയുള്ള വാർത്ത കേട്ടുകൊണ്ടിരിക്കുന്നതു കൊണ്ട് തങ്ങളുടെ കാലശേഷം അവർക്കുള്ള സ്വത്ത് മക്കൾക്ക് എഴുതി കൊടുക്കാൻ മാതാപിതാക്കൾ ഭയപ്പെടുന്നു.

ഇങ്ങനെയെല്ലാം ആണെങ്കിലും സുവിശേഷവുമായി അവരുടെ അടുക്കൽ ചെല്ലുമ്പോൾ എല്ലാം കേട്ടിട്ടും നരകത്തിലേക്കുള്ള പാതയിലാണ് തങ്ങൾ സഞ്ചരിക്കുന്നത് എന്ന് മനസ്സിലാക്കിയാലും, അവർ പറയുന്നത് ഞങ്ങളുടെ മക്കൾക്ക് ഇതൊന്നും ഇഷ്ടമല്ല അവർ അറിഞ്ഞാൽ ഞങ്ങളെ വഴക്കുപറയും. മക്കളിൽ നിന്നു കഷ്ടം മാത്രം അനുഭവിക്കുന്നവർ പോലും മക്കളുടെ പേരും പറഞ്ഞു സത്യ ദൈവമായ കർത്താവിനെ തള്ളിക്കളയുന്നു. എന്തൊരു വിരോധാഭാസം! ആ നല്ല കർത്താവിനെ അവർ ഹൃദയത്തിൽ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചിരുന്നെങ്കിൽ അവരുടെ ഒറ്റപ്പെടലും വിരസതയും മാറി ഇഹത്തിലും സന്തോഷകരമായ ജീവിതം ലഭിക്കുകയും, മരണശേഷം നിത്യത മുഴുവൻ സ്വർഗ്ഗത്തിൽ കർത്താവിനോട് കൂടെ ജീവിക്കാമായിരുന്നു. എന്നാൽ കർത്താവിനെ തള്ളിക്കളയുന്നവരുടെ ജീവിതത്തിന്റെ അവസാനനാളുകൾ ദുഃഖപൂർണ്ണമായി തീരുന്നു. “അവരെ പാതാളത്തിന്നു ആടുകളായി ഏല്പിച്ചിരിക്കുന്നു; മൃത്യു അവരെ മേയിക്കുന്നു; അവർ തന്റെ പിതാക്കന്മാരുടെ തലമുറയോടു ചെന്നു ചേരും; അവർ ഒരു നാളും വെളിച്ചം കാണുകയില്ല (സങ്കീർത്തനം 49) ഇതാകുന്നു സ്വയാശ്രയക്കാരുടെ അന്ത്യം.

പ്രിയ ദൈവമക്കളേ, ദൈവിക പ്രമാണങ്ങൾ ഇല്ലാത്ത ലോകമനുഷ്യർ ഇങ്ങനെയൊക്കെ ആണെങ്കിലും, ദൈവമക്കൾ ആയിരിക്കുന്ന നമ്മുടെ നല്ലനടപ്പ് അവരുടെ മുന്നിൽ നാം കാണിച്ചു കൊടുത്തു കൊണ്ട് അവർക്ക് മാതൃകയായിരിക്കണം. “വല്ല വിധവയ്ക്കും പുത്രപവിത്രന്മാർ ഉണ്ടെങ്കിൽ അവർ മുമ്പേ സ്വന്തം കുടുംബത്തിൽ ഭക്തി കാണിച്ചു അമ്മയപ്പന്മാർക്കു പ്രത്യുപകാരം ചെയ്യുവാൻ പഠിക്കട്ടെ, ഇത് ദൈവസന്നിധിയിൽ പ്രസാദകരം ആകുന്നു” 1 തിമൊ. 5:4. ഇപ്രകാരം വളരെ അനുഗ്രഹിക്കപ്പെട്ട മാതൃകയോടെ ജീവിക്കുന്ന അനേകം വിശ്വാസ കുടുംബങ്ങളെ എനിക്കറിയാം. അത് ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു. മാതാപിതാക്കൾ ആരോഗ്യത്തോടെ ഇരിക്കുമ്പോൾ മക്കൾ വിദേശരാജ്യങ്ങളിൽ ഉപജീവനമാർഗ്ഗത്തിനായി കടന്നുപോകുന്നു എങ്കിലും അവരുടെ ക്ഷീണാവസ്ഥയിൽ ജോലി പോലും നോക്കാതെ മടങ്ങിവന്ന് മാതാപിതാക്കളോടുള്ള അവരുടെ കർത്തവ്യബോധത്തിൽ ഉറച്ചുനിന്നു വളരെ സ്നേഹത്തോടും സന്തോഷത്തോടും അവരെ ശുശ്രൂഷിച്ച് മക്കളുടെ കടമ നിർവഹിക്കുന്നു എന്നുള്ളത് ദൈവനാമം മഹത്ത്വപ്പെടുവാൻ ഇടയാകുന്നു.

എന്നാൽ സ്വദേശത്ത് മാതാപിതാക്കളോട് കൂടെ ജീവിക്കുന്ന മക്കൾക്ക് പലപ്പോഴും അവരുടെ വാർദ്ധക്യകാലത്തിലുള്ള സ്വഭാവമാറ്റത്തെ ഉൾക്കൊള്ളാൻ പ്രയാസങ്ങൾ ഉണ്ടാകാം എന്നത് സ്വാഭാവികമാണ്. നമ്മളും ഈ പാതയിലൂടെ കടന്നുപോകേണ്ടവരാണ് എന്ന് ഓർത്തു തങ്ങളുടെ മാതാപിതാക്കൾക്ക് പ്രത്യുപകാരം ചെയ്യുവാനുള്ള സമയമാണ് ഇതെന്ന് തിരിച്ചറിഞ്ഞ് ദൈവത്തെ ഭയപ്പെട്ടു ദീർഘക്ഷമയോടെ നമ്മെ വളർത്തി വലുതാക്കിയ മാതാപിതാക്കളെ സ്നേഹത്തോടെ സംരക്ഷിക്കണം. നിങ്ങൾ ചെയ്യുന്നത് ഒക്കെയും മനുഷ്യർക്ക് എന്നല്ല കർത്താവിന് എന്നപോലെ മനസ്സോടെ ചെയ്വിൻ (കൊലൊ. 3:23). ഇപ്രകാരം ആയിരിക്കുന്ന കുടുംബത്തിലൂടെ ദൈവനാമം മഹത്ത്വപ്പെടുകയും ദൈവം അവർക്ക് കൊടുത്ത ആയുസ്സ് സമാധാനത്തോടെ തികച്ച് മക്കളുടെ സാന്നിധ്യത്തിൽ ദൈവസന്നിധിയിൽ ചേരുവാൻ ഇടയാകും. മക്കൾക്ക് ദൈവം തങ്ങളെ ഏൽപിച്ച ശുശ്രൂഷ വിശ്വസ്തതയോടെ തികച്ചു എന്ന ചാരിതാർത്ഥ്യത്തോടെ ദൈവത്തിന് നന്ദി പറയുവാൻ കഴിയും. എന്നു മാത്രമല്ല ആ കുടുംബത്തെ ദൈവം ധാരാളമായി അനുഗ്രഹിക്കും ഇങ്ങനെ ദൈവമക്കൾ ലോക മക്കൾക്ക് മാതൃക കാട്ടു

ശേഷം പേജ് 25 കാണുക

# പുതിയ സൃഷ്ടി - രാഹാബ്

**ജോയമ്മ സാംസൺ, കൊല്ലം**



"ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി. ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു" (2 കൊരി 5:17).

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോഴാണ് ഒരുവൻ പുതിയ സൃഷ്ടി ആയിത്തീരുന്നത്. അതിന് വീണ്ടുംജനനം ആവശ്യമാണ്. ഒരു വ്യക്തി വീണ്ടും ജനിക്കുന്നതെങ്ങനെ? കർത്താവായ യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി കാൽവരിക്രൂശിൽ മരിച്ചു. അതു തന്റെ പാപങ്ങൾക്കു വേണ്ടി ആയിരുന്നു എന്നു വിശ്വസിച്ചു കർത്താവിനെ ഹൃദയത്തിൽ രക്ഷകനായി സ്വീകരിക്കുമ്പോൾ ആ വ്യക്തി പുതിയ സൃഷ്ടിയായി തീരുന്നു. അവന് കർത്താവ് പുതിയ ജീവനും പുതിയ ആത്മാവും പുതിയ ഹൃദയവും നല്കുന്നു. അവൻ തന്റെ അറിവില്ലായ്മയുടെ കാലത്തു ചെയ്ത പാപങ്ങൾ ഒക്കെയും യേശുക്രിസ്തു കാൽവരി ക്രൂശിൽ ചൊരിഞ്ഞ വിലയേറിയ രക്തത്താൽ കഴുകി ശുദ്ധീകരിക്കപ്പെടുന്നു. "നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും" (യെശ. 1:18). "അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഇനി ഞാൻ ഓർക്കയുമില്ല" (എബ്രാ. 10:17).

യിസ്രായേലിന്റെ ദൈവത്തിൽ വിശ്വസിച്ചു പുതിയ സൃഷ്ടി ആയിത്തീർന്ന ഒരു ധീരവനിതയായിരുന്നു രാഹാബ്. യോശുവയുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ രാഹാബിനെ വേശ്യ എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ പിന്നീട് അവൾക്കു ഒരു കുലീനസ്ത്രീയുടെ സ്ഥാനം ലഭിച്ചിരിക്കുന്നു. വിശ്വാസവീരന്മാരുടെ പട്ടികയിൽ (എബ്രാ.11) രണ്ടു സ്ത്രീകളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട് - ഒന്നു സാറാ, രണ്ട് രാഹാബ്. ശല്മോന്റെ ഭാര്യ, ബോവസിന്റെ അമ്മ എന്നീ നിലകളിൽ അവൾ പ്രസിദ്ധയായി. അങ്ങനെ യേശുക്രിസ്തുവിന്റെ വംശാവലിയിലും (മത്താ. 1:5) അവൾ ഇടം നേടി., രാഹാബ് ഇത്തരത്തിൽ നീതീകരിക്കപ്പെടുവാൻ കാരണമെന്ത്? അവളുടെ വിശ്വാസം. യിസ്രായേലിന്റെ ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ചുള്ള കേൾവി അവളുടെ ഹൃദയത്തെ തകർത്തുകളഞ്ഞു. യഹോവയായ ദൈവം ചെങ്കടലിനെ രണ്ടായി വിഭാഗിച്ചു. അതിന്റെ നടുവിൽകൂടി യിസ്രായേലിനെ കടത്തി. ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ തള്ളിയിട്ടു. തന്റെ ജനത്തെ മരുഭൂമിയിൽകൂടി നടത്തി (സങ്കീ. 136:12-16). അവൻ വലിയ ജാതികളെ സംഹരിച്ചു. ബലമുള്ള രാജാക്കന്മാരെ നിഗ്രഹിച്ചു. അമോര്യരുടെ രാജാവായ സീഹോനെയും ബാശാൻ രാജാവായ ഓഗിനെയും സകല കനാന്യരാജ്യങ്ങളെയും തന്നെ. അവരുടെ ദേശത്തെ യിസ്രായേലിനു അവകാശമായി കൊടുത്തു (സങ്കീ. 135:10-12). ഈ വാർത്തകൾ കേട്ടപ്പോൾത്തന്നെ യെരീഹോ നിവാസികളുടെ ഹൃദയം ഉരുകി. യിസ്രായേലിനെക്കുറിച്ചുള്ള ഭീതി അവരുടെമേൽ വീണു. യിസ്രായേലിന്റെ ദൈവമായ യഹോവ തന്നെ ദൈവമെന്ന് രാഹാബ് വിശ്വസിച്ചു. സ്വർഗ്ഗത്തിന്മേലും ഭൂമിയിലുമുള്ള സകല അധികാരവും യഹോവയ്ക്കു തന്നെ എന്നവൾ അംഗീകരിച്ചു. ഈ ദൈവത്തെ അവളുടെയും ദൈവമായി

സ്വീകരിച്ചു. അങ്ങനെ അവൾ പുതിയ സൃഷ്ടിയായി. പഴയ തൊഴിൽ ഉപേക്ഷിച്ചു. ചണനൂൽ ഉണ്ടാക്കുന്ന ജോലിയിൽ ഏർപ്പെട്ടു. ലുദിയയെപ്പോലെ അവളും അദ്ധ്വാനിച്ച് ഉപജീവനം ചെയ്തു. അതിനു തെളിവാണ് അവളുടെ വീട്ടിനുള്ളിൽ അടുക്കി വെച്ചിരുന്ന ചണത്തണ്ടുകൾ.

യിസ്രായേലിന്റെ ദൈവത്തെക്കുറിച്ചുള്ള ഭീതി സകല ജനത്തിന്മേലും പരന്നിരുന്നുവെങ്കിലും രാഹാബു മാത്രമേ വിശ്വസിച്ചുള്ളൂ. അതിന്റെ വെളിച്ചത്തിൽ അവൾ യിസ്രായേലിന്റെ ദൈവത്തെ പുകഴ്ത്തുവാൻ തുടങ്ങി. അവളുടെ നാവ് സമർത്ഥനായ ലേഖകന്റെ എഴുത്തുകോലായി മാറി. യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. ദൈവിക പരിജ്ഞാനം ലഭിച്ചതോടെ അവൾ ദൈവമക്കളെ തിരിച്ചറിഞ്ഞു. യോശുവ അയച്ച ഒറ്റുകാരെ അവൾ സ്വീകരിച്ചു. അവരുടെ രക്ഷെക്കു വേണ്ടതെല്ലാം ഒരുക്കി. ഒറ്റുകാരെ രക്ഷിച്ചതിലുള്ള രാജാവിന്റെ കോപത്തിൽ നിന്നു രക്ഷപ്പെടാൻ സാധിക്കുമോ എന്നവൾക്കറിയില്ലായിരുന്നു. എന്നാൽ എബ്രായ സൂതികർമ്മിണിമാരായ ശിപ്രയെയും പൂവായെയും പോലെ (പുറ. 1:15) രാഹാബും ദൈവജനത്തെ രക്ഷിപ്പാൻ തീരുമാനിച്ചു. യിസ്രായേലിന്റെ ദൈവത്തെ അവൾ സ്വന്തദൈവമായി അംഗീകരിച്ചു. യഹോവ ഈ ദേശം നിങ്ങൾക്കു തരുമ്പോൾ നിങ്ങളും എന്നോടും എന്റെ പിതൃഭവനത്തോടും ദയ കാണിച്ച് എന്റെ അപ്പനെയും അമ്മയെയും എന്റെ സഹോദരങ്ങളെയും അവർക്കുള്ള സകലത്തെയും ജീവനോടെ രക്ഷിക്കണം എന്നു രാഹാബ് അപേക്ഷിച്ചു. അവർ അവളോടു ചില ഉപാധികൾ നിർദ്ദേശിച്ചു.

1. അവർ രക്ഷപ്പെടുവാൻ ഉപയോഗിച്ച കിളിവാതിലിൽ ഒരു ചുവപ്പു ചരടു കെട്ടണം.
2. അവളുടെ എല്ലാ ബന്ധുക്കളെയും അവളുടെ വീട്ടിനുള്ളിൽ സൂക്ഷിക്കണം.
3. അവർ എല്ലാവരും വീട്ടിനുള്ളിൽത്തന്നെ കഴിയണം. ആരും പുറത്തിറങ്ങരുത്.

ചുവപ്പു ചരട് കെട്ടാൻ പറഞ്ഞത് രാഹാബിന്റെ ഭവനം തിരിച്ചറിയാനായിരിക്കണം. എന്നാൽ അതിനൊരു ആത്മികാർത്ഥമുണ്ട്. ചുവപ്പ് യേശുകർത്താവിന്റെ രക്തത്തെ സൂചിപ്പിക്കുന്നു. യേശുവിന്റെ രക്തം പാപിയെ ശുദ്ധീകരിക്കുന്നു. സംഹാരകനെ അകറ്റി നിർത്തുന്നു. യിസ്രായേൽമക്കൾ സംഹാരദൂതനിൽ നിന്നു ഒഴിഞ്ഞിരുന്നതും അവരുടെ ഭവനത്തിന്റെ കട്ടളക്കാലിന്മേലും കുറുമ്പടിമേലും രക്തം പുരട്ടിയിരുന്നതു കൊണ്ടാണ്. അവിടെയും എല്ലാവരും വീടിന്നകത്തു തന്നെ കഴിഞ്ഞു. ആരും പുറത്തിറങ്ങിയില്ല. നോഹയുടെകാലത്ത് പെട്ടകത്തിനുള്ളിൽ കഴിഞ്ഞവരാണ് രക്ഷപ്പെട്ടത്. പെട്ടകം കർത്താവായ യേശുക്രിസ്തുവിനെ കാണിക്കുന്നു. "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല" (റോമർ 8:1). കർത്താവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ചവരാണവർ. ഉത്തമസ്ത്രീയെപ്പറ്റി പറയുമ്പോഴും (സദൃ. 31:21) അവളുടെ വീട്ടിലുള്ളവർക്കെല്ലാം ചുവപ്പു കമ്പിളി ഉണ്ടല്ലോ എന്നു കാണാം. ചുവപ്പു കമ്പിളി വീണ്ടെടുപ്പിന്റെ മനോഹാരിതയാണു കാണിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താലുള്ള വീണ്ടെടുപ്പ് അഥവാ രക്ഷയെ പ്രദർശിപ്പിക്കുന്ന വാങ്മയചിത്രം. അവളുടെ വീട്ടിലുള്ള എല്ലാവരും കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ് എന്നർത്ഥം.

രാഹാബ് ഒറ്റുകാർ പറഞ്ഞത് അതേപടി അനുസരിച്ചു. കിളിവാതിലിൽ ചുവപ്പുചരടു കെട്ടി. ബന്ധുക്കളെ മുഴുവനും വീടിനുള്ളിലാക്കി. അവർ ആരും പുറത്തിറങ്ങിയില്ല. അവർ പറഞ്ഞതുപോലെ എല്ലാം സംഭവിച്ചു. യുദ്ധം നടന്നു. പട്ടണം പിടിക്കപ്പെട്ടു. "യോശുവ അവളെയും അവളുടെ പിതൃഭവനത്തെയും അവൾക്കുള്ള സകലത്തെയും ജീവനോടെ രക്ഷിച്ചു; അവൾ ഇന്നുവരെയും യിസ്രായേലിൽ പാർക്കുന്നു" (യോശു. 6:25). അതിനു ശേഷമായിരിക്കണം ശല്മോൻ അവളുടെ ഭർത്താവായിത്തീർന്നത്. ദൈവത്തിൽ പ്രത്യാശ വെച്ച് അവന്റെ വഴിയിൽ നടക്കുന്നവരുടെ കുടുംബം അനുഗ്രഹിക്കപ്പെടും.

പാപത്തിന്റെ അടിത്തട്ടിൽ നിന്നു വിശ്വാസം മൂലം ദൈവജനത്തിന്റെ ഉയർച്ചയിലേക്കു വന്ന ഒരു ധീരവനിതയാണ് രാഹാബ്. ഏതു കഠിന പാപിക്കും വിശ്വസിച്ചാൽ യേശുക്രിസ്തുവിലൂടെ രക്ഷയുണ്ട് എന്നു തെളിയിച്ച സ്ത്രീ. യിസ്രായേലിന്റെ ദൈവത്തെപ്പറ്റി യെരീഹോവിലുള്ളവർ എല്ലാവരും കേട്ടിരിക്കും. എന്നാൽ രാഹാബ് വിശ്വസിച്ചു എന്നുള്ളതാണു പ്രധാനം. മാത്രവുമല്ല അവൾ തന്റെ പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടു (യാക്കോ. 2:25) താൻ മാത്രമല്ല തനിക്കുള്ള എല്ലാ ബന്ധുക്കളെയും അവൾ താൻ അറിഞ്ഞ സത്യം മനസ്സിലാക്കി രക്ഷിക്കുന്നു.

നമ്മുടെ പാപത്തിനുള്ള ശിക്ഷ കർത്താവായ യേശുക്രിസ്തു കാൽവറി ക്രൂശിൽ സഹിച്ചു. അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം മൂലം വിശ്വസിക്കുന്ന ഏതുപാപിക്കും പാപമോചനം ലഭിക്കുന്നു. അവിടെ ജാതി മതഭേദമില്ല. ഉച്ചനീചത്വമില്ല. ധനവാനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ല. അതായത് ദൈവത്തിന്നു മുഖപക്ഷമില്ല. "ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു" (അപ്പൊ. 10:35). നമുക്കു കിട്ടിയ രക്ഷാഭാഗ്യം നാം മാത്രം അനുഭവിച്ചാൽ പോരാ നമ്മുടെ കുടുംബത്തിലുള്ള എല്ലാവർക്കും ലഭിക്കണം. അതിനായി നമുക്കു ദൈവസന്നിധിയിൽ നമ്മുടെ തലകളെ വണക്കി രക്ഷിക്കപ്പെടാത്ത ഓരോ വ്യക്തിയെയും ഓർത്തു പ്രാർത്ഥിക്കാം. ◈

പേജ് 4 ന്റെ തുടർച്ച (**ശിഥിലമാക്കപ്പെട്ട വിവാഹബന്ധങ്ങൾ**)

പുരുഷന്മാർക്കായിരിക്കും ലൈംഗികേച്ഛ കൂടുതലുള്ളത്. അതു മനസ്സിലാക്കി അന്യോന്യം സുഖിച്ചും, സുഖിപ്പിച്ചും സംതൃപ്തിയടയുവാൻ ഭാര്യയും, ഭർത്താവും ഒരുപോലെ സഹകരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു. അതിൽ സംതൃപ്തിയില്ലാതെ വരുമ്പോഴായിരിക്കും "ഉറവുകൾ വെളിയിലേക്കൊഴുകുവാനിടയാകുന്നത്; പല ഭാര്യാഭർത്തൃബന്ധങ്ങളും ശിഥിലമാകുന്നത് ഇക്കാരണത്താലായിരിക്കും. അതു കഴിവതും ഒഴിവാക്കുക. ഭാര്യാഭർത്താക്കന്മാർ അന്യോന്യം സ്നേഹിക്കുന്നതു കൂടാതെ അന്യോന്യം പ്രശംസിക്കയും പ്രോത്സാഹിപ്പിക്കയും വേണം. തൊടുന്നതിനൊക്കെ കുറ്റം പറയുന്നതും പിണങ്ങുന്നതും ഒഴിവാക്കുക. മറ്റുള്ളവരെ തമ്മിൽ ഒരിക്കലും താരതമ്യപ്പെടുത്തിക്കൂടാ. എന്തെങ്കിലും പ്രശ്നമുണ്ടായാൽ "ദൈവമാണ് കൂട്ടി ചേർത്തിരിക്കുന്നത്: ദൈവത്തിനു തെറ്റുപറ്റുകയില്ല" എന്നോർക്കുക. ദൈവം തന്ന ദാനമാകുന്നു. അത് അന്ത്യം വരെ കാത്തു സൂക്ഷിക്കും എന്ന് ഇരുവരും ഉറപ്പുവരുത്തുക. ഭിന്നതകളുണ്ടായാൽ മറ്റുള്ളവരെ അറിയിക്കാതെ സ്വയം തിരുത്തുവാൻ ശ്രമിക്കുക. സ്നേഹം ദീർഘമായി ക്ഷമിക്കുന്നു. ദയ കാണിക്കുന്നു. ദോഷം കണക്കിടുന്നില്ല, നിഗളിക്കുന്നില്ല, ചീർക്കുന്നില്ല എല്ലാം പൊറുക്കുന്നു. എല്ലാം വിശ്വസിക്കുന്നു സത്യത്തിൽ സന്തോഷിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. ദാമ്പത്യ ജീവിതത്തെ ശക്തീകരിപ്പാൻ സ്നേഹം സഹായമായിത്തീരട്ടെ!

വിവാഹബന്ധത്തെ ശിഥിലമാക്കുന്ന പ്രധാന ഘടകം നമ്മുടെ ഇടയിലെ സ്ത്രീധന സമ്പ്രദായമാകുന്നുവെന്ന് പതുക്കെ പറയേണ്ടതില്ലല്ലൊ. സ്ത്രീധന പ്രശ്നംമൂലം കൊലപാതകങ്ങളും, ആത്മഹത്യകളും, വിവാഹമോചനങ്ങളും നടക്കുന്നത് നമ്മുടെ സാക്ഷര കേരളത്തിന്റെ ഒരു അതി ഹീന അധർമ്മമാകുന്നു. സമ്പത്തും ഉന്നത വിദ്യാഭ്യാസവും ഉയർന്ന ഉദ്യോഗ യോഗ്യതകളും വിദേശത്തുപോകാനുള്ള സാദ്ധ്യതകളും മറ്റും പരിഗണിച്ച് ദൈവഹിതമല്ലാത്ത, ദൈവം കൂട്ടിചേർക്കാത്ത, മാതാപിതാക്കളുടെ നിർബന്ധത്താൽ നടത്തുന്ന വിവാഹങ്ങൾ ശിഥിലമാകാതെ വിജയകരമാകുമോ? ഒരിക്കലുമില്ല. ഈ വിഷയത്തേ സംബന്ധിച്ച് ധാരാളം എഴുതാനുണ്ട്. പക്ഷെ വിസ്താരഭയത്താൽ തല്ക്കാലം നിർത്തട്ടെ. വിവാഹമോചനമെന്ന മഹാവ്യാധി നമ്മുടെ സമൂഹത്തിൽ നിന്നും നിർമ്മാർജനം ചെയ്യുവാൻ മാതാപിതാക്കളും, യുവജനങ്ങളും ഒത്തു ശ്രമിച്ചാൽ സാധിക്കാവുന്നതേയുള്ളൂ. അതിനായി സർവ്വകൃപാലുവായ ദൈവം സഹായിക്കട്ടെ!

# ഇളം തെന്നലായി അരികിൽ അണഞ്ഞവൻ

**എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ**



വിശുദ്ധ വേദപുസ്തകം 1 ശമുവേൽ 1-ാം അദ്ധ്യായം 6-18 വരെയുള്ള തിരുവചന ഭാഗങ്ങളിൽ എല്ക്കാനായുടെ ഭാര്യമാരിൽ ഒരാളായ ഹന്നയെക്കുറിച്ച് നാം ഇങ്ങനെ കാണുന്നു. യഹോവ അവളുടെ ഗർഭം അടച്ചിരുന്നതിനാൽ അവളുടെ പ്രതിയോഗി അവളെ വ്യസനിപ്പിപ്പാൻ തക്കവണ്ണം വളരെ മുഷിപ്പിച്ചു. അവൾ യഹോവയുടെ ആലയത്തിലേക്ക് പോകുന്ന സമയത്തൊക്കെയും ആണ്ടുതോറും അവൾ അങ്ങനെ ചെയ്തുപോന്നു. അവൾ അവളെ മുഷിപ്പിച്ചതു കൊണ്ട് അവൾ കരഞ്ഞു പട്ടിണികിടന്നു. അവൾ മനോവ്യസനത്തോടെ പ്രാർത്ഥിച്ചു വളരെ കരഞ്ഞു. അവൾ ഒരു നേർച്ച നേർന്നു. സ്ത്രീ തന്റെ വഴിക്കുപോയി ഭക്ഷണം കഴിച്ചു. അവളുടെ മുഖം പിന്നെ വാടിയതുമില്ല.

മുകളിൽ വായിച്ച വേദഭാഗങ്ങളിലൂടെ ഹന്നായെ നമുക്ക് ദൃഷ്ടാന്തമായി ചൂണ്ടിക്കാണിച്ചുകൊണ്ട് തിരുവചനം പറയുന്നത് കയ്പ് ഏറിയ ജീവിത സാഹചര്യങ്ങളിൽ കൂടികടന്നു പോയപ്പോഴും അവളിലുള്ള ദൈവഭക്തിയെ വലിയ ആദായമായി പാലിക്കുവാൻ ഹന്നായ്ക്ക് കഴിഞ്ഞു എന്നാണ്.

കെഹത്യകൂട്ടത്തിൽ ഉന്നതമായ ഒരു കുടുംബക്കാരനായിരുന്ന എല്ക്കാന ബഹുഭാര്യത്വം സ്വീകരിച്ചതായി തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു. പത്തുപുത്രന്മാരെക്കാൾ നല്ലവനായ ഭർത്താവുണ്ടായിട്ടും അത്യന്തം വ്യസനിച്ചവളായിട്ടാണ് ഹന്നായെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ഹന്നായുടെ ജീവിത സാഹചര്യത്തെക്കുറിച്ച് ഇങ്ങനെ പരാമർശിച്ചിരിക്കുന്നു. സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ഇരിപ്പിടമായ ഭവനത്തിനുള്ളിൽ അസൂയയും, നിന്ദയും, പരിഹാസവും തലയുയർത്തിയിരുന്നതായിരുന്നു.

എന്നാൽ എബ്രായ ചരിത്രത്തിലെ എല്ലാ അനുഗ്രഹാശീർവാദങ്ങൾക്കും യോഗ്യയായവളും, മാതൃകയുമുള്ളോരു സ്ത്രീരത്നമായിട്ടാണ് ഹന്നായെ തിരുവചനം നമുക്ക് പരിചയപ്പെടുത്തുന്നത്. തന്നെയുമല്ല ദൈവവുമായുള്ള നിരന്തര ബന്ധം പുലർത്തി നിർമ്മല ഭക്തിയും, ജീവിത വിശുദ്ധിയും അവൾ കാത്തു സൂക്ഷിച്ചു. അവളുടെ പ്രതിയോഗി അവളെ വ്യസനിപ്പിപ്പാൻ തക്കവണ്ണം മുഷിപ്പിച്ചപ്പോഴും ദൈവത്തിങ്കലുള്ള ഭക്തി അവൾ മുറുകെ പിടിച്ചു. ദൈവം അവളുടെ ഗർഭഫലം തടഞ്ഞപ്പോഴും ദൈവത്തിനായി തുറക്കപ്പെട്ട ഹൃദയത്തിനുടമയായിരുന്നു ഹന്നാ. "പല്ലിനു പകരം പല്ല്, കണ്ണിനു പകരം കണ്ണ്" എന്ന് ന്യായപ്രമാണം അനുശാസിക്കുന്നുണ്ടെങ്കിലും അതു ചെയ്യാതെ കൃപയുടെ പ്രമാണത്തിന് വിധേയപ്പെട്ടു ജീവിച്ചു.

എല്ലാവരും പ്രാർത്ഥിക്കുമെങ്കിലും അതിലെല്ലാം അത്ഭുതങ്ങൾ കാണാൻ കഴിയുന്നില്ല. എന്നാൽ ഒരു ദൈവ പൈതലിന്റെ പ്രാർത്ഥന സ്വർഗ്ഗത്തെ ചലിപ്പിക്കുവാൻ കഴിയുമെന്നുള്ളതിന്റെ ഉദാഹരണമാണ് ഹന്നാ. ഹന്നായുടെ ഉൾത്തടത്തിൽ നിന്നും ഉയർന്ന പ്രാർത്ഥന ശ്രദ്ധിച്ചാൽ എത്രമാത്രം ദൈവിക വിശ്വാസമുണ്ടെന്നു മനസ്സിലാക്കാം. "സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി. അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം

യഹോവയ്ക്കു കൊടുക്കും" (1:11) ഉള്ളിലെ ആഗ്രഹം ദൈവത്തെയറിയിക്കുന്നു ഹന്നാ.

ഹന്നായുടെ പ്രാർത്ഥന എങ്ങനെയായിരുന്നുവെന്നു തിരുവചനം പറയുന്നു. വാക്കുകളുടെ പെരുപ്പത്തിലായിരുന്നില്ല. പിന്നെയോ ആത്മാവിന്റെ നിറവിലായിരുന്നു. ഹന്നായുടെ ഹൃദയവും സ്വർഗ്ഗവുമായിട്ടുള്ള അഭേദ്യ ബന്ധത്തിലധിഷ്ഠിതമായിരുന്നു അവളുടെ പ്രാർത്ഥന. ഹന്നായുടെ ഹൃദയത്തിലെ തീരുമാനമായിരുന്നു അവൾ ദൈവത്തോട് അറിയിച്ചത്. അവളുടെ തീരുമാനം ദൈവം തരുന്ന പുരുഷ പ്രജ തിരുനാമ മഹത്ത്വത്തിനായിത്തീരേണം. അതായിരുന്നു അവൾ ദൈവത്തിനു നേർച്ചയായി കൊടുത്തതും. ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നല്കിയിരിക്കുന്നു (1:27). അതുകൊണ്ട് ഞാൻ അവനെ യഹോവയ്ക്ക് നിവേദിച്ചിരിക്കുന്നു (1:28).

അവൾ ഹൃദയത്തിന്റെ ഭാഷയിലാണ് ദൈവത്തോട് സംസാരിച്ചത്. അവൾ സകല ദുഃഖവും ദൈവസന്നിധിയിൽ ഇറക്കിവച്ചു ഹൃദയത്തിന്റെ ഭാഷയറിയുന്ന ദൈവത്തോട് സങ്കടത്തിന്റെയും വ്യസനത്തിന്റെയും ആധിക്യമറിയിച്ചപ്പോൾ ഇളം തെന്നലായി അവളുടെ അരികിലണഞ്ഞ അരുമനാഥന്റെ സാമീപ്യവും മൃദുസ്വരവും കേട്ട അവൾ വിശ്വസിച്ചു. അവളുടെ മുഖം പ്രകാശിതമായി. അവളുടെ മുഖം വാടിയതുമില്ല. മറുപടി ലഭിച്ചുവെന്നുള്ള പതറാത്ത വിശ്വാസം. അതുകൊണ്ട് അവൾക്ക് ദൈവപ്രവൃത്തി കാണാനിടയായി.

യഹോവയ്ക്കായി കാത്തിരുന്ന് പ്രത്യാശിക്കുന്നവർ ലജ്ജിച്ചുപോകയില്ല. ഹന്നായുടെ ഭക്തി മകനായ ശമുവേലിന് പിൽക്കാലത്ത് ന്യായപാലനത്തിന് സ്വാധീനിച്ചതായി കാണാം. അസൂയയുടെയും അഹങ്കാരത്തിന്റെയും വിളനിലമായി പെനീന്ന അസ്തമിച്ചപ്പോൾ പ്രശ്നങ്ങളെയും കഷ്ടതയെയും അതിജീവിച്ച് ലെബാനോനിലെ ദേവദാരുപോലെ തല ഉയർത്തി ഹന്നായ്ക്ക് നില്ക്കാനിടയായത് യഹോവയിങ്കലെ ഭക്തി ഒന്നു മാത്രമായിരുന്നു.

അത്യുന്നതനായ ദൈവത്തെ പ്രസാദിപ്പിച്ച് അനുഗ്രഹവർഷങ്ങൾ നേടുവാനായി മനുഷ്യൻ ദൈവത്തിന് കാഴ്ചയർപ്പിക്കാറുണ്ട്. കാഴ്ചകളുടെ ബാഹുല്യവും അവയുടെ മൂല്യവും അനുസരിച്ചാണ് ദൈവം അനുഗ്രഹിക്കുന്നതെന്നുള്ള ധാരണ ഇന്നത്തെപ്പോലെ തന്നെ പ്രാചീന കാലത്തും നിലനിന്നിരുന്നുവെന്ന് തിരുവചനം മീഖായിലൂടെ ദൈവജനത്തിനു നല്കുന്ന അരുളപ്പാടുകൾ വ്യക്തമാക്കുന്നു. ഭൗതികമായ കാഴ്ചകളേക്കാൾ ദൈവം വിലമതിക്കുന്നത് ആന്തരിക രൂപാന്തരവും തദ്വാരാ ഉളവാകുന്ന ദൈവിക സ്വഭാവമാണെന്ന് മീഖാ. 6:8ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇന്ന് ക്രൈസ്തവ സഹോദരങ്ങൾ പ്രാർത്ഥനയ്ക്ക് വളരെ പ്രാധാന്യം കല്പിക്കാറുണ്ട്. യാന്ത്രികമായി ഉരുവിടുന്ന പ്രാർത്ഥനകളുടെ ദൈർഘ്യത്തേക്കാളും ആവർത്തനങ്ങളെക്കാളുമുപരി പരിശുദ്ധാത്മാവിലെത്രമാത്രം പ്രാർത്ഥിക്കുവാൻ കഴിയുന്നതനുസരിച്ചാണ് സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങൾ നമുക്കുവേണ്ടി പ്രവർത്തന നിരതമാകുന്നത്. റോമർ 8:26-ൽ നാം എങ്ങനെ പ്രാർത്ഥിക്കണമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ ജീവിതയാത്രയിൽ ദൈവത്തോട് നമുക്ക് നേരാവുന്ന ഏറ്റവും വലിയ നേർച്ച; - നാം ദൈവത്തോട് താദാമ്യം പ്രാപിക്കുവാനായി എടുത്ത തീരുമാനങ്ങൾ പ്രാവർത്തികമാക്കുമ്പോഴാണ് ദൈവം പ്രസാദിക്കുന്നതെന്ന് തിരുവചനം ഹന്നായിലൂടെ നമ്മെ ചൂണ്ടികാണിക്കുന്നു. നമ്മിൽ നിന്നുയരുന്ന പ്രാർത്ഥനകളുടെ ആത്മാർത്ഥതയും, പരമാർത്ഥതയും, സർവ്വശക്തനായ ദൈവം സൂക്ഷ്മതയോടെ വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുമെന്ന് തിരിച്ചറിയാതെ പോകരുത് നാം.

നമ്മുടെ ആത്മീയ യാത്രയിൽ കയ്പിന്റെ അനുഭവങ്ങൾ ദൈവമക്കൾക്കുണ്ടാകുമ്പോൾ പിറുപിറുത്ത് പിൻമാറി പോകുവാൻ ഇടയാകരുത്. ദൃഢനിശ്ചയത്തോടെ അവനായി കാത്തിരിക്കുമ്പോൾ ദൈവികാത്ഭുതങ്ങ

ശേഷം പേജ് 13 കാണുക

# അപ്പന്റെ ആട്ടിൻകുട്ടി



**ജെസി ബെൻസെൻ, കൊച്ചി**

ഗോല്യാത്തിനോട് എതിരിടുവാൻ താൻ സന്നദ്ധനാണെന്ന് ദാവീദ് പറഞ്ഞത് കേട്ട്, അവനെ വിളിച്ചുവരുത്തിയിട്ട് ശൗൽ രാജാവിനോട് വെളിപ്പെടുത്തിയപ്പോഴാണ്, അവൻ അപ്പന്റെ ആട്ടിൻകുട്ടിയെ രക്ഷിച്ച വീരകഥകളൊക്കെ മറ്റുള്ളവർ അറിഞ്ഞത്. ഗൊല്യാത്തിനോട് പോരാടുവാൻ തനിക്കു പ്രാപ്തിയുണ്ടെന്ന് രാജാവിനെ ബോധ്യപ്പെടുത്തുകയായിരുന്നു അവന്റെ ലക്ഷ്യം.

തന്റെ വീരസാഹസിക കഥകളൊക്കെ ശൗലിനെ പറഞ്ഞ് ബോധ്യപ്പെടുത്തിയും ദൈവം തന്നെ രക്ഷിക്കുമെന്ന് ഉറപ്പിച്ചു പറഞ്ഞും ഗൊല്യാത്തിനോട് യുദ്ധം ചെയ്‌വാൻ ശൗലിന്റെ അനുവാദം ദാവീദ് നേടിയെടുക്കുകയായിരുന്നു. "അടിയൻ അപ്പന്റെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ഒരു സിംഹവും ഒരിക്കൽ ഒരു കരടിയും വന്ന് കൂട്ടത്തിൽ നിന്ന് ആട്ടിൻകുട്ടിയെ പിടിച്ചു. ഞാൻ പിന്തുടർന്നു അതിനെ അടിച്ചു അതിന്റെ വായിൽ നിന്നു ആട്ടിൻകുട്ടിയെ വിടുവിച്ചു. അത് എന്റെ നേരെ വന്നപ്പോൾ ഞാൻ അതിനെ താടിക്കു പിടിച്ചു അടിച്ചുകൊന്നു" (1 ശമു. 17:34, 35) എന്നിങ്ങനെയാണ് ദാവീദു പറഞ്ഞത്. അപ്പന്റെ ആട്ടിൻകുട്ടിക്കു വേണ്ടി ഞാൻ അത് ചെയ്തുവെങ്കിൽ തനിക്കുവേണ്ടി ദൈവം എത്ര അധികം ചെയ്യും എന്നതായിരുന്നു ദാവീദിന്റെ ധൈര്യം.

ആട്ടിൻകുട്ടിയെ രക്ഷിച്ചതിനാൽ അവനുണ്ടായ ധൈര്യം, യഹോവയുടെ ജനത്തെ മുഴുവനും രക്ഷിപ്പാൻ തക്കവണ്ണമുള്ള ധൈര്യവും ഊർജ്ജവും ആത്മവിശ്വാസവും ലഭിക്കുന്നതിനു പര്യാപ്തമായിരുന്നു. ഓരോ ചെറിയ വിജയങ്ങളും പിന്നാലെയുള്ള കഠിനമായ പോരാട്ടങ്ങൾക്കു ഊർജ്ജവും ആത്മവിശ്വാസവും പകരുന്നവയാണ്. ആട്ടിൻകുട്ടിയെ സിംഹത്തിനും കരടിക്കും വിട്ടുകൊടുത്തിട്ട് ഭയത്തോടെ അപ്പനെ അഭിമുഖീകരിക്കുന്നതിനും ക്ഷമ ചോദിക്കുന്നതിനും പകരം, അവയുടെ വായിൽ നിന്നു ആട്ടിൻകുട്ടിയെ വീണ്ടെടുത്ത ധീരതയാണ് ആത്മവിശ്വാസത്തോടെ രാജാവിനെ അഭിമുഖീകരിക്കുന്നതിന് അവനെ പ്രാപ്തനാക്കിയത്.

വന്യമൃഗങ്ങളായ സിംഹത്തിനും കരടിക്കും പകരം ലോകത്തിന്റെ സ്വാധീന വലയങ്ങളാണ് ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ പിടിച്ചടക്കിയിരിക്കുന്നത്. ജഢമോഹങ്ങളിലും ലോകത്തിന്റെ മായക്കാഴ്ചകളിലും ആലസ്യങ്ങളിലും മുഴുകി ശത്രുവിന്റെ ബന്ധനത്തിലായിരിക്കുന്നത് നമ്മുടെയൊക്കെ അകത്തെ, ആത്മീയ മനുഷ്യനാണ്. മനഃപൂർവ്വമായി ശത്രുവിന്റെ ബന്ധനത്തിലേക്ക് വീണുകൊടുക്കുന്നതും കുറവല്ല. "....നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല... (1 കൊരി. 6:19) എന്നതിനാൽ നാം ദൈവത്തിന്റെ ആട്ടിൻകൂട്ടമാണ്. സ്വന്ത ഇഷ്ടപ്രകാരമോ ലോകത്തിന്റെ സ്വാധീന വലയത്തിലോ ജീവിക്കുവാൻ നമുക്കു അനുവാദമില്ല. പാപത്തിലേക്കുള്ള ഓരോ വീഴ്ചക്കോ ചാട്ടത്തിനോ ശേഷം ഭയത്തോടും ക്ഷമാപണത്തോടും കൂടെ അപ്പനെ അഭിമുഖീകരിക്കുന്നതിനു പകരം ശത്രുവിന്റെ സ്വാധീനത്തിൽ നിന്നും രക്ഷപ്പെടുവാനുള്ള ധീരതയാണ്

നമുക്കു ആവശ്യം.

കരടിയുടെയും സിംഹത്തിന്റെയും വായിൽ നിന്ന് അകമെയുള്ളവനെ വലിച്ചെടുത്ത് ആത്മീയ പോരാട്ട ജീവിതം നയിക്കുവാൻ അധികം ഉത്സാഹവും ഊർജ്ജസ്വലതയും ധൈര്യവും കൂടിയേ തീരൂ. 40 ദിവസമായി രണ്ടുനേരവും ഗൊല്യാത്തിന്റെയും ഫെലിസ്ത്യരുടെയും വെല്ലുവിളി കേട്ടിട്ടും ഒന്നും ചെയ്യാനാവാതെ ഭ്രമിച്ചിരിക്കുന്ന അവസ്ഥയിൽ നിന്നും നാം ഉണർന്നെഴുന്നേറ്റേ മതിയാകൂ. സ്വന്ത ശക്തിയാലും കഴിവിനാലുമല്ല, യഹോവ എന്നെ രക്ഷിക്കുമെന്ന ധൈര്യത്തോടെയാണ് നാം ക്രിസ്തീയ പോരാട്ട ജീവിതം തുടരേണ്ടത്.

നാം താന്താങ്ങൾക്കുള്ളവരല്ല എന്നും ദൈവത്തിന്റെ ആട്ടിൻകൂട്ടമാണെന്നുമുള്ള ബോധ്യത്തോടെയും നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണെന്ന ധൈര്യത്തോടെയും നിത്യതയെക്കുറിച്ചുള്ള വാഞ്ഛയോടെയും അകമെയുള്ളവനു മതിയായപോഷണം നല്കി ജീവിക്കാം. ലോകവും അതിന്റെ മോഹങ്ങളുമെല്ലാം വന്യമൃഗങ്ങളെപോലെ ആത്മീയ ജീവൻ ക്ഷയിപ്പിക്കുന്നതാണെന്നറിഞ്ഞ് ജാഗ്രത പുലർത്താം. ദൈവം കൃപ നല്കട്ടെ. ◈

---

പേജ് 11 ന്റെ തുടർച്ച (**ഇളം തെന്നലായി അരികിൽ അണഞ്ഞവൻ**)

ളുടെ മണ്ഡലമായി നമ്മുടെ ജീവിതം മാറും. നമ്മുടെ ഭാരങ്ങൾ മനുഷ്യനോടറിയിച്ചാൽ ഫലം നിരാശ മാത്രമല്ല അവർ നമ്മെ നിന്ദിക്കുവാനും പരിഹസിക്കാനും ഇടയാകും. അതുകൊണ്ട് നമ്മുടെ സാഹചര്യങ്ങൾ, പരാതികൾ, ദുഃഖങ്ങൾ നമുക്ക് ദൈവത്തോടറിയിക്കാം. തിരുവചനം നമ്മോടു പറയുന്നു നിന്റെ ഭാരങ്ങൾ എന്റെമേൽ വച്ചു കൊൾക. ഞാൻ നിന്നെ പുലർത്താം. നമ്മുടെ ഭാരങ്ങൾ ഏറ്റെടുക്കുന്ന നല്ലൊരു ദൈവം നമുക്കുണ്ട് നിശ്ചയം.

മഹാപുരോഹിതൻ ഹന്നായുടെ ഭക്തിയെ സംശയിച്ചതുപോലെ നമ്മുടെ ഭക്തിയെയും മറ്റുള്ളവർ സംശയിക്കാനിടയുണ്ട്. ദൈവിക വാഗ്ദത്ത നിവൃത്തിക്കായി നീണ്ട നാളുകൾ ഹന്നാ കാത്തിരുന്നതുപോലെ നമ്മുടെ ജീവിതത്തിലും ചിലതു പ്രവർത്തിക്കാൻ ദൈവം അവധിവച്ചിരിക്കുന്നു. ഹന്നായുടെ ദുഃഖം സന്തോഷത്തിന്റെ ചവിട്ടുപടി ആയതുപോലെ നമ്മുടെ ദുഃഖങ്ങളെയും അനുഗ്രഹമാക്കാൻ ദൈവത്തിനു കഴിയും.

ഓർക്കുക, പെനീന്നയുടെ നീചമായ പെരുമാറ്റം ഹന്നായെ തകർത്തതുപോലെ നമ്മുടെ വാക്കുകളും, പ്രവൃത്തികളും അനേകരെ തകർത്തു കളയാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് പൗലൊസ് അപ്പൊസ്തലൻ ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു. "നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ" (കൊലൊ. 4:6).

പ്രിയമുള്ളവരേ, കഴിഞ്ഞ നാളുകളിൽ നമുക്കെതിരായി എഴുന്നേറ്റ പ്രതിയോഗിയോടു നാം സമീപിച്ച സമീപനം പെനീന്നയുടെതായിരുന്നോ? എങ്കിൽ നമുക്ക് ഒന്നു പുനർവിചിന്തനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ദുഷ്ടനായവൻ അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടുയെന്നലറി നടക്കുകയാണ്. അതുകൊണ്ട് ജാഗ്രത. ഏതു നിമിഷവും ദുഷ്ടൻ അവന്റെ തന്ത്രങ്ങളുമായി നമ്മുടെയടുത്തു വരാം. നമ്മെ തകർത്തുകളയാൻ. നമ്മുടെ നിത്യതയെ നഷ്ടപ്പെടുത്തുവാൻ ദുഷ്ടൻ ഒരുക്കുന്ന തന്ത്രങ്ങളിൽ അകപ്പെടാതെ നമുക്ക് അത്യുന്നതന്റെ മറവിൽ വസിക്കാം. സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കാം.

അതുകൊണ്ട് നമുക്ക് തന്നിരിക്കുന്ന നാളുകൾ കൃപയുടെ പ്രമാണത്തിന് വിധേയപ്പെട്ട് ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തുവാൻ തക്കതായ വിശ്വാസമെന്ന പരിചയെടുത്തും ദൈവവചനമാകുന്ന ആത്മാവിന്റെ വാളും കൈയ്യിലേന്താം. നമ്മുടെയുള്ളിൽ ജീവനായ ദൈവവചനത്താൽ ദുഷ്ടന്റെ തന്ത്രങ്ങളെ തകർത്തുകളയുവാൻ സർവ്വകൃപാലുവായ യേശു കർത്താവ് നമ്മെ ഓരോരുത്തരെയും സഹായിക്കുകയും അനുഗ്രഹിക്കയും ചെയ്യട്ടെ യെന്നുള്ള പ്രാർത്ഥനയോടു കൂടി നിർത്തുന്നു. ◈

# കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ്

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**



*അട്ടിടയർ കൂട്ടമായി വന്നനേരം*
*കീറ്റുശീലയിൽ കിടന്ന യേശുദേവാ;*
*പട്ടിനുള്ള മൂലവസ്തു സൃഷ്ടിചെയ്ത ദൈവമേയീ–*
*ക്ലിഷ്ടമാം കിടപ്പു കണ്ടു ഞാൻ–നമിക്കുന്നേൻ*

ദൂതൻ അവരോട്: ഭയപ്പെടേണ്ടാ, സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്കു അടയാളമോ; ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്നു പറഞ്ഞു. പെട്ടെന്നു സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്നു ദൈവത്തെ പുകഴ്ത്തി. "അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്ത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" എന്നു പറഞ്ഞു (ലൂക്കൊസ് 2:10–14). അവൾ ഒരു മകനെ പ്രസവിക്കും, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും" (മത്തായി 1:21,22).

മഹാകവി കെ.വി.സൈമൺ എഴുതിയ ഗാനം എത്രയോ അർത്ഥവത്താണ്. കാരണം ലോകത്തെയും അതിലുള്ള സകലത്തെയും, പട്ടിനുള്ള മൂലവസ്തുവരെ സൃഷ്ടിചെയ്ത ദൈവത്തിന് ജനിക്കുവാൻ ഒരു ഇടം കിട്ടിയില്ല. പുതപ്പിക്കുവാൻ ഒരു വസ്ത്രം കിട്ടിയില്ല. ആദ്യ മാതാപിതാക്കൾ ചെയ്ത പാപത്തിന്റെ കാഠിന്യം അത്ര മാത്രം വലുതായിരുന്നു ദൈവത്തോടുള്ള അനുസരണക്കേട്. ദൈവത്തെ അനുസരിക്കാതെ പിശാചിനെ അവൾ അനുസരിച്ചു. മനുഷ്യനെ സൃഷ്ടിച്ചപ്പോൾ യഹോവയായ ദൈവം കൊടുത്ത കല്പനയാണ് ലംഘിച്ചത്. മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ ആക്കി. അതിനുശേഷം ദൈവം പറഞ്ഞു എല്ലാ ഫലവൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും (ഉൽപ.2:16,17). ഈ കല്പന ലംഘിച്ച് അനുസരണക്കേട് കാണിച്ച് പാപം ചെയ്തു. അപ്പോൾ അവർ മരിക്കാതിരിക്കാൻ ദൈവം അവർക്കു ഒരു ആട്ടിൻകുട്ടിയുടെ രക്തം ചൊരിഞ്ഞു അവരെ വീണ്ടെടുത്തു. ആത്മീയ മരണം സംഭവിച്ചവരായ മനുഷ്യരെ യഹോവയായ ദൈവം വീണ്ടെടുത്തു. ആദ്യമാതാപിതാക്കന്മാർ മുഖാന്തരം ഇന്ന് ഭൂമിയിൽ ജനിക്കുന്ന ഓരോരുത്തരും (മനുഷ്യൻ) പാപത്തിലാണ് ജനിക്കുന്നത്.

സാത്താന്റെ അടിമത്ത്വത്തിൽ കിടന്ന മനുഷ്യനെ വീണ്ടെടുക്കുവാൻ, നിത്യജീവന്റെ അവകാശിയാക്കുവാൻ കർത്താവായ ക്രിസ്തു കാൽവരിക്രൂശിൽ അലറികരഞ്ഞു തന്റെ പ്രാണനെ വിട്ടു. ഈ യേശുവിന്റെ രക്തം സർവ്വമനുഷ്യരുടെയും പാപപരിഹാരത്തിനായി ക്രൂശിൽ ചൊരിഞ്ഞു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല (എബ്രാ.9:22). ന്യായപ്രമാണത്തിലും, സങ്കീർത്തനങ്ങളിലും പ്രവാചകന്മാരുടെ പുസ്തകങ്ങളിലും രേഖ

പ്പെടുത്തപ്പെട്ടിരുന്ന ദൈവത്തിന്റെ ഏകജാത നായ പുത്രനായ ദൈവം സ്ത്രീയുടെ സന്തതി യായി കാലസമ്പൂർണ്ണതയിൽ യഹൂദയിലെ ബേത്ലഹേമിൽ ജനിച്ചു. നസ്രേത്തിൽ വളർന്നു, ഗലീലയിൽ പ്രവൃത്തി ആരംഭിച്ചു. യഹൂദനാട് ചുറ്റിസഞ്ചരിച്ച് ശുശ്രൂഷ നിർവ്വ ഹിച്ചു. ക്രൂശിക്കപ്പെട്ട് പുനരുത്ഥാനം ചെയ്ത് പിതാവിന്റെ വലത്തു ഭാഗത്ത് ഇരുന്നവനായ ദൈവത്തിന്റെ പുത്രൻ നമുക്കുവേണ്ടി മഹാപുരോഹിതനായി പക്ഷവാദം കഴിക്കു കയും ചെയ്യുന്നു. വീണ്ടും വരുമെന്ന് വാഗ് ദത്തം ചെയ്ത കർത്താവ് പോയതു പോലെ വീണ്ടും വരും.

കർത്താവ് യഹൂദയിലെ ബേത്ല ഹേമിൽ ജനിക്കുമെന്ന് യെശയ്യാപ്രവാചകൻ 700 വർഷങ്ങൾക്കുമുമ്പ് പ്രവചിച്ചിരുന്നതു പോലെ പരിശുദ്ധാത്മാവ് കന്യകമറിയത്തി ന്മേൽ നിഴലിട്ട് അവൾ ഗർഭിണിയായി, ബേത്ല ഹേമിൽ ജനിക്കത്തക്കവിധം നസ്രേത്തിൽ നിന്ന് യോസേഫ് ഗർഭിണിയായ മറിയയുമായി പേർവഴി ചാർത്താൻ ബേത്ലഹേമിലേക്ക് പോയി. യേശു ബേത്ലഹേമിൽ ജനിച്ചു. സ്വർ ഗ്ഗീയ പിതാവാം ദൈവത്തിന്റെ മടിയിലിരുന്ന പുത്രൻ സ്വർഗ്ഗമഹിമാസനം വിട്ട് ഈ താണഭൂമിയിലേക്ക് വന്ന് മനുഷ്യവേഷം എടുത്ത് സ്ത്രീയുടെ സന്തതിയായി ജനിച്ചു, ദൈവത്തിന്റെ നിത്യപ്രമോദമായിരുന്ന തന്റെ പുത്രൻ ആദ്യപിതാവായ ആദാമിന്റെ പാപ ത്താൽ അതിൽനിന്നും മനുഷ്യനെ വീണ്ടെടു ക്കുവാൻ ശാപം നിറഞ്ഞ ഈ ഭൂമിയിൽ അവ തരിക്കുവാൻ ഇടയായി. ദൈവത്തിന്റെ ഏക പുത്രനു ജനിക്കുവാൻ ഒരിടം ഉണ്ടായില്ല. പരമദരിദ്രനായിട്ടാണ് ജനിക്കുന്നത്. സ്വർഗ്ഗ പിതാവിന്റെ മടിയിൽ നിന്നും മനുഷ്യമാതാ വിന്റെ മടിയിലേക്കു താണിറങ്ങി. സ്വർഗ്ഗ സിംഹാസനത്തിൽനിന്നും പശുത്തൊട്ടി യിലേക്കു വന്നു. സുവിശേഷകനായ ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത് അവൾ തന്റെ ആദ്യജാതനായ മകനെ പ്രസ വിച്ചു. ശീലകൾ ചുറ്റി വഴിയമ്പലത്തിൽ സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി എന്നാണ്. അശരണർക്കും അഭയാർത്ഥികൾ ക്കും ഉള്ളതാണ് വഴിയമ്പലം. എന്നാൽ ഈ സത്രത്തിൽപ്പോലും അവർക്കു ഇടം കൊടു ത്തില്ല. ആരും ഒരു വീടോ, മുറിയോ ഒന്നും കൊടുത്തില്ല. അനന്തവിഹായസ്സിൽ ആയിര മായിരം വാനഗോളങ്ങളെ സൃഷ്ടിച്ച ആകാശ ത്തെയും, ഭൂമിയെയും അതിലുള്ള എല്ലാ വസ്തുവകകളെയും സൃഷ്ടിച്ച സൃഷ്ടാവിന് പിറക്കുവാൻ ഒരു സ്ഥലം ഉണ്ടായില്ല. യേശു തന്റെ പരസ്യ ശുശ്രൂഷകാലത്ത് ശിഷ്യ ന്മാരോടു തന്നെ പറയുകയുണ്ടായി. യേശു അവനോട്: കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവകൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനോ തലചായിപ്പാൻ ഇടമില്ല (മത്തായി 8:20).

മറിയയുടെ ആദ്യകൺമണി പിറന്ന പ്പോൾ ഒരു പുത്തൻ കുഞ്ഞുടുപ്പ് ഇടുവാൻ ദരിദ്രരായ മാതാപിതാക്കൾക്കു നിവൃത്തിയു ണ്ടായിരുന്നില്ല. എന്നാൽ മറിയ തന്റെ പഴയ വസ്ത്രഭാഗങ്ങൾ കീറിയെടുത്തു യേശുവിനെ പുതപ്പിച്ചു. പട്ടിനുള്ള മൂലവസ്തു സൃഷ്ടി ചെയ്ത ദൈവത്തിന് ഒരു പുതുവസ്ത്രം അണിയുവാൻ ഇല്ലായിരുന്നു. പൂർണ്ണമനുഷ്യ നുമായി ആണ് ഭൂമിയിൽ അവതരിച്ചത്. രാജാവായി യേശുപിറന്നപ്പോൾ പൂമെത്ത യൊന്നും ലഭിച്ചില്ല. പുൽമെത്തയിൽ യേശു വിനെ കിടത്തി. ദാവീദുപുത്രനായി മണ്ണിൽ വന്നു അക്ഷരാർത്ഥത്തിൽ പച്ചപ്പുൽപ്പുറങ്ങ ളിൽ കിടന്നു. (സങ്കീ.23:2).

ഡിസംബർ മാസം 25-ാം തിയതി എല്ലാവരും ക്രിസ്മസ്സ് ആഘോഷിക്കുന്നു. ആഘോഷം അല്ല അനുഭവമാണ് ഇനിയും ഉണ്ടാകേണ്ടത്. ഒരിക്കൽ ബേത്ലഹേമിൽ ക്രിസ്തുമസ്സ് ഉണ്ടായിരുന്നു. അത് ഒരു ചരിത്ര സംഭവമായിരുന്നു. ഒരിക്കൽ കാൽവരിയിൽ ക്രൂശീകരണം നടന്നു. പിന്നെ ഉയിർപ്പുണ്ടായി. അവയൊന്നും ആവർത്തിക്കപ്പെടുന്നില്ല. എന്നാൽ ക്രിസ്തുമസ്സ് ലോകം മുഴുവനും ആചാരത്തിനുവേണ്ടി ആഘോഷിക്കുന്നു.

രണ്ടു സഹസ്രാബ്ദങ്ങൾക്കുമുമ്പ് യേശു ബേത്ലഹേമിൽ ജനിച്ചു. എന്തിനു ജനിച്ചു? എന്തിനു മരിച്ചു? എന്തിനു ഉയിർത്തു എന്ന് ആരും ചിന്തിക്കുന്നില്ല. രക്ഷിക്കപ്പെട്ടവർക്കു മാത്രമേ ഇതിനേക്കുറിച്ച് അറിവുള്ളു എന്നു ചിന്തിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻപ്രകാരം ഉയിർത്തെഴുന്നേറ്റു (1 കൊരി.15:3,4).

യേശുവിന്റെ ജനനമല്ല, ക്രൂശുമരണ മാണ് മനുഷ്യന്റെ രക്ഷയ്ക്കായുള്ളത്. അവൻ ക്രൂശിൽചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി (കൊലൊ. 1:20). ഒരിക്കൽ ബേത്ലഹേമിൽ ജാതനായ ദൈവപുത്രനെ ഏകരക്ഷകനും ഏക കർത്താവുമായി ഓരോരുത്തരുടെയും ഹൃദയ ത്തിൽ ജനിക്കുവാൻ ഇടയാകണം. ക്രിസ്തു നിങ്ങളിൽ ഉരുവാകണം (ഗലാ.4:19). വർഷംതോറും ഉണ്ണിയേശുവിനെ പുൽക്കൂട്ടിൽ ജനിപ്പിച്ചിട്ടും, നക്ഷത്രവിളക്കുകൾ വീടിനു പുറത്ത് തൂക്കിയിട്ടും, ക്രൂശിൽ മരിപ്പിച്ചിട്ടു എന്തു പ്രയോജനം, എന്തു പുണ്യം കിട്ടും. ക്രിസ്തുവിൽ ജനിക്കുക യോഹ.3:3, ക്രിസ്തു വിൽ ജീവിക്കുക ഗലാ.2:20 ക്രിസ്തുവിൽ മരിക്കുക (വെളി.14:13). ഇതാണ് ക്രിസ്ത്യാ നിത്വം. ദൈവപുത്രനു ജനിക്കുവാൻ യോസേ ഫും മറിയയും ഒരിടത്തിനായി ബേത്ലഹേ മിൽ ചെറ്റക്കുടിൽ മുതൽ കൊട്ടാരംവരെ മുട്ടിയിട്ടും ഒരിടം തുറന്നുകൊടുത്തില്ല. അല്പം ഇടം കണ്ടത് കാലിത്തൊഴുത്തിൽ. ഇന്ന് ആ കാലിത്തൊഴുത്തിൽ പുല്ക്കൂട് ഉണ്ടാക്കി ഉണ്ണിയേശുവിനെ കിടത്തി വണങ്ങുന്നു. യേശുവിനെ അവർക്കുവേണ്ട! പുല്മേട് മതി. ‘‘അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്ത മായവരോ അവനെ കൈക്കൊണ്ടില്ല. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസി ക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു’’ (യോഹ. 1:11,12). സ്നേഹിതാ! നിങ്ങളുടെ ഹൃദയകവാട ത്തിൽ അവിടുന്ന് മുട്ടി വിളിക്കുന്നു. “ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും, അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം കൊടുക്കും (വെളി. 3:20). ഇന്നു ക്രിസ്തുവിന് താങ്കളുടെ ഹൃദയത്തിൽ ഇടം നല്കിയാൽ സ്വർഗ്ഗപിതാ വിന്റെ സ്നേഹ വീട്ടിൽ നിങ്ങൾക്കൊരിടം അവൻ തരും. ഇല്ലായെങ്കിൽ നരകത്തിലെ അഗ്നിതടാകത്തിൽ ഒരിടം പാപത്തിന്റെ ശമ്പള മായി താങ്കൾക്കുമുണ്ടായിരിക്കും. തീർച്ച. ആയതിനാൽ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് പാപമോചനം പ്രാപിച്ച് ദൈവമക്കളാവുക.

അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസ രൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യ നായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണ ത്തോളം ക്രൂശിലെ മരണത്തോളം തന്നേ അനു സരണമുള്ളവനായി തീർന്നു (ഫിലി. 2:6-8). അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം. ദൂതർ സ്വർഗ്ഗീയ സൈന്യത്തോടു ചേർന്നു പാടി ദൈവത്തെ പുകഴ്ത്തി.

പ്രിയരെ! രക്ഷിക്കപ്പെട്ട നമുക്ക് ഈ പാട്ടു പാടുവാൻ കഴിയും. എന്തെന്നാൽ ദൈവപ്രസാദം ലഭിച്ചവരാണ് നാം. എല്ലാവരു ടെയും ഹൃദയത്തിൽ ക്രിസ്തു ജനിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം. രക്ഷയുടെ സന്തോഷം എല്ലാവരും അനുഭവിക്കുവാൻ ഇടയാകട്ടെ. ക്രിസ്തുമസ്സിനെ ആഘോഷിച്ചതുകൊണ്ട് കാര്യമില്ല. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയസൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞു പോയി (2 കൊരി.5:17). ഇപ്പോൾ ആകുന്നു സുപ്രസാദകാലം. ഇപ്പോൾ ആകുന്നു രക്ഷാദിവസം (2 കൊരി. 6:2).

# നന്ദി വേണോ പണം വേണോ?

**ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം**



ഒരു സായിപ്പിനു എന്തോ സഹായം ചെയ്തു കൊടുത്ത വ്യക്തിയോടു സായ്പു ചോദിച്ചതായി കേട്ടിട്ടുണ്ട്, 'നന്ദി വേണോ പണം വേണോ' എന്ന്. പണത്തെക്കാൾ ഏതോ കൂടിയ സാധനമാണ് ഈ നന്ദിയെന്നു കരുതി, സായ്പേ നന്ദി മതി എന്നയാൾ പ്രതിവചിച്ചു. കാശുവേണ്ടാത്ത മലയാളിയുടെ മറുപടിയിൽ സന്തുഷ്ടനായ സായ്പ്, ഒന്നല്ല, രണ്ടു നന്ദി പറഞ്ഞ് സ്ഥലവും വിട്ടു. എന്തൊരമളി!

നന്ദി എന്നത് സായിപ്പിന്റെ കുത്തകയാണെന്നാണു നമ്മുടെ സങ്കല്പം. കാരണം, എന്തിനും അവർ നന്ദി പറയും. നമ്മളാകട്ടെ, നിഘണ്ടുവിൽ അങ്ങനെയൊരു വാക്കേ ഇല്ലെന്ന രീതിയിലാണു നമ്മുടെ ഇടപാടുകൾ. ഏതാണ്ടു നാല്പത്തഞ്ചു വർഷങ്ങൾക്കുമുമ്പ് നഗരത്തിലെ ഒരു പ്രധാന പോസ്റ്റാഫീസിൽ നിന്നും സ്റ്റാമ്പും കവറുമൊക്കെ വാങ്ങിയ ശേഷം അതെനിക്കു വിറ്റ ക്ലാർക്കിനോടു ഞാൻ "താങ്ക് യൂ സർ" എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ മുഖത്ത് പെട്ടെന്നു ഗൗരവം വർദ്ധിച്ചു. ''നിങ്ങൾ എന്തവാ പറഞ്ഞതെ''ന്നു എന്നോടു ചോദിച്ചതു ഞാൻ ഓർക്കുന്നു. സാറിനു നന്ദി പറഞ്ഞതാണെന്ന് അദ്ദേഹത്തെ ധരിപ്പിക്കുവാൻ അല്പം ബുദ്ധിമുട്ടേണ്ടിവന്നു. അദ്ദേഹത്തെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല; കാരണം, ദിവസം മുഴുവനും പോസ്റ്റാഫീസിൽ ജോലി ചെയ്യുന്ന അദ്ദേഹം കേട്ടിട്ടില്ലാത്ത ഒരു അപ്രതീക്ഷിത പ്രതികരണമാണ് അദ്ദേഹം എന്നിൽ നിന്നും കേട്ടത്. പരാതികൾ മാത്രം കേട്ടുതഴമ്പിച്ച കർണ്ണപുടത്തെ വിശ്വസിക്കാൻ കഴിയാതെ പോയതായിരിക്കണം എന്റെ നന്ദി പ്രകടനത്തെ അദ്ദേഹം തിരിച്ചറിയാതെ പോയത്. ഈ മാസിക കൃത്യമായി നിങ്ങളുടെ കരങ്ങളിലെത്തിക്കുന്ന പോസ്റ്റ് ഓഫീസിലെ ഉദ്യോഗസ്ഥരോടുള്ള നന്ദി കേവലം വാക്കുകളിൽ ഒതുക്കാതെ എല്ലാ ക്രിസ്മസ്സിനും കേയ്ക്കു നല്കുമ്പോൾ ഞങ്ങളുടെ നന്ദിവാക്കുകളുടെ വ്യാപ്തി ഒരളവിലെങ്കിലും അവർക്കു ഗ്രഹിക്കുവാൻ കഴിയുന്നു. നന്ദി മാത്രം പോരാ. പണവും ചെലവിടണം.

മറ്റുള്ളവരെ ബഹുമാനിക്കുന്നതിൽ പിശുക്കന്മാരായ നമ്മിൽ നിന്നും 'സർ' എന്ന അഭിസംബോധനയും അസാധാരണമാണല്ലോ. ട്രാഫിക്കിലും മറ്റും പകലന്തിയോളം വെയിലും കൊണ്ട് വിശ്രമമില്ലാതെ നില്ക്കുന്ന പോലീസ് ഉദ്യോഗസ്ഥരോടുള്ള നമ്മുടെ മനോഭാവമെന്താണ്? അവരോടു ഒരിക്കലെങ്കിലും 'താങ്ക് യു സാർ' എന്നു പറഞ്ഞിട്ടുണ്ടോ? പിന്നെങ്ങനെയാണ് അവർ നമ്മളെ 'സാറെ' എന്നു അഭിസംബോധന ചെയ്യണമെന്നു നാം പ്രതീക്ഷിക്കുന്നുവെങ്കിൽ, മറ്റുള്ളവർ നമുക്കു ചെയ്യണമെന്നു നാം പ്രതീക്ഷിക്കുന്നത് അവർക്കു ചെയ്യുവാൻ നാമും ഉത്സുകരായിരിക്കണം.

ആർക്കും ആരോടും കടപ്പാടുകളൊന്നും ഇല്ലാത്ത ഈ ലോകത്തിൽ വല്ലവരും നമുക്കു നന്മ ചെയ്താൽ അവർക്കു നന്ദിപറയുവാൻ നാം ബാധ്യസ്ഥരായിരിക്കെ, ആഹാ, ഇത്രയെ നിങ്ങൾ ചെയ്തുള്ളല്ലോ; ഞാനിതിൽ വളരെ കൂടുതലാണ് നിങ്ങളിൽ നിന്നും പ്രതീക്ഷിച്ചിരുന്നത്' എന്നു പരിഭവം പറയുന്ന പ്രവണതയാണു കണ്ടുവരുന്നത്. ഇച്ഛാഭംഗപ്പെടാതിരിക്കാനുള്ള കുറുക്കുവഴി, ആരിൽനിന്നും ഒന്നും പ്രതീക്ഷിക്കാതിരിക്കുന്നതാണ്. ആരെങ്കിലും നമുക്കുവേണ്ടി എന്തെങ്കിലും ചെയ്താൽ അത് അവരുടെ സന്മനസ്സെന്നു കരുതുക. നന്മചെയ്യുന്നവരോടുള്ള കൃതജ്ഞതയാണ് നന്ദിരൂ

പേണ ബഹിർഗമിക്കുന്ന വാക്കുകൾ. പക്ഷേ, ഒരു കൃതഘ്നനെ സംബന്ധിച്ചിടത്തോളം ലഭിച്ച നന്മയ്ക്കു എന്തു നന്ദി പറയാനാണ്, അവർക്ക് ഒരുപാടുള്ളതുകൊണ്ട് അവർ കൊടുക്കുന്നു എന്ന മനോഭാവമായിരിക്കും ഉള്ളത്. ആ മനോഭാവം നന്മയുടെ വാതായനത്തെ കൊട്ടിയടയ്ക്കുകയാണു ചെയ്യുന്നതെന്നു മനസ്സിലാക്കേണ്ടതാണ്. എന്റെ ആവശ്യസമയത്ത് എന്നെ സഹായിക്കുന്നവരോടു ഞാനൊരു നന്ദിവാക്കു പറയുന്നില്ലെങ്കിൽ, 'അവനെത്ര നന്ദികെട്ടവൻ' എന്നു എന്നെ സഹായിക്കുന്നവർ ചിന്തിച്ചെങ്കിൽ അതു കേവലം മാനുഷികം മാത്രം. **നന്ദികെട്ടവനെ** പിന്നെ അവർ എന്തിനു സഹായിക്കണം? ഒന്നാമതായി എല്ലാ നന്മകളും ദൈവത്തിങ്കൽ നിന്നും ആണെന്നു ഓർക്കുക. ദൈവത്തോടു നന്ദിയുണ്ടെങ്കിലേ മനുഷ്യനോടും **നന്ദി** കാണുകയുള്ളൂ. ഒരു പാട്ടു നാം പാടാറില്ലേ. "സർവനന്മകൾക്കും സർവദാനങ്ങൾക്കും ഉറവിടമാം എന്നേശുവേ- നിന്നെ ഞാൻ സ്തുതിച്ചിടുന്നു. ദിനവും പരനേ നന്ദിയാൽ". അർത്ഥം മനസ്സിലാക്കിയാണോ അതോ, യാന്ത്രികമായി പാടുകയാണോ, ചിന്തിക്കുക. ലൗകികർ നന്ദികേടിന്റെ പര്യായങ്ങളായി പരിണമിച്ചാൽ പോകട്ടെ എന്നു വയ്ക്കാം - അവരുടെ ഉള്ളിൽ ദൈവസ്നേഹമില്ലല്ലോ. പക്ഷേ, ആത്മികർ എന്നഭിമാനിക്കുന്നർ പോലും കൃതഘ്നന്മാരുടെ പട്ടികയിൽ മുൻപന്തിയിലുണ്ടെന്നുള്ളത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. 103-ാം സങ്കീർത്തനത്തിൽ സങ്കീർത്തനക്കാരൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

എൻ മനമേ, യഹോവയെ വാഴ്ത്തുക;
എന്റെ സർവാന്തരംഗവുമേ
അവന്റെ വിശുദ്ധിനാമത്തെ വാഴ്ത്തുക
എൻമനമേ, യഹോവയെ വാഴ്ത്തുക;
അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് (വാ. 1,2).

ഒന്നും മറക്കരുത് എന്ന പദങ്ങൾ അടിവര അർഹിക്കുന്നു.

കാര്യസാധ്യങ്ങൾക്കായി കൂടെനിന്ന് വേണമെങ്കിൽ കാലും തിരുമ്മി ലക്ഷ്യപ്രാപ്തിയിലെത്തുമ്പോൾ കാലുമാറുന്ന വിശ്വാസികൾക്കും നന്ദി എന്ന പദത്തിന്റെ അർത്ഥവ്യാപ്തി അറിഞ്ഞുകൂടാ. പക്ഷേ, അവർ ഒന്നു മനസ്സിലാക്കണം. അത്തരം പ്രവൃത്തികൾ ദൈവത്തിനു പ്രസാദകരമല്ല പ്രത്യുത, ദൈവാനുഗ്രഹങ്ങൾക്കു തടങ്കൽ പാറയായിരിക്കും. "എൻമനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. മറ്റുള്ളവരിലൂടെയാണു ദൈവം നമുക്കു ഉപകാരങ്ങൾ ചെയ്യുന്നതെങ്കിൽ, ദൈവത്തോടു മാത്രം നന്ദിയുള്ളവരായാൽ പോരാ; മനുഷ്യനോടും ഉപകാരസ്മരണയും നന്ദിയും ഉണ്ടായിരിക്കേണ്ടതാണ്. അപ്പൊസ്തലനായ പൗലൊസ് അക്കാര്യം ഫിലിപ്പിയിലെ വിശ്വാസികൾക്കു എഴുതിയിരിക്കുന്നതു ഫിലി. 1:5,6 വാക്യങ്ങളിൽ കാണാവുന്നതാണ്. "ഞാൻ നിങ്ങളെ ഓർക്കുമ്പോൾ ഒക്കെയും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു".


ദൈവസ്നേഹം നിർബ്ബന്ധിക്കുന്നതുകൊണ്ടാണ് മറ്റുള്ളവർ നമ്മെ സഹായിക്കുന്നത്. യഹോവ ചെയ്യുന്ന ഉപകാരങ്ങൾ ഒന്നും മറക്കരുതെന്ന് സങ്കീർത്തനക്കാരൻ നമ്മെ ഉദ്ബോധിപ്പിക്കുമ്പോൾ നാമാകട്ടെ അവിടത്തെ ഉപകാരങ്ങൾ ഒന്നും ഓർക്കാതിരിക്കുന്നു. ഓർക്കേണ്ടതു മറക്കയും മറക്കേണ്ടതു ഓർത്തുവയ്ക്കയും ചെയ്യുകയാണ് മനുഷപ്രകൃതി. ദൈവിക വ്യവസ്ഥയ്ക്കു വിപരീതമായി പ്രവർത്തിക്കുന്നതാണു നമ്മുടെ പ്രശ്നങ്ങളുടെയെല്ലാം മൂലകാരണം. മറക്കേണ്ടതു മറക്കാത്തതുകൊണ്ട് ക്ഷമിക്കേണ്ട സ്ഥാനത്തു നമുക്കു ക്ഷമിക്കുവാൻ കഴിയാതെ പോകുന്നു. മറക്കേണ്ടതു ഓർത്ത് നാം ഫറവോനെപ്പോലെ ഹൃദയം കഠിനമാക്കുന്നു. സന്തോഷകരവും സംതൃപ്തവുമായ ജീവിതത്തിനുപകരം അസംതൃപ്തിയാണെങ്കിൽ പിന്നെവിടെ നിന്നാണ് നന്ദി പൊങ്ങിവരിക?

നമുക്കു ചുറ്റും നാം നോക്കുമ്പോഴാണ് നമ്മുടെ ഹൃദയം ഒന്നുകിൽ നന്ദികൊണ്ടു നിറയുന്നത്; അല്ലെങ്കിൽ അതൃപ്തികൊണ്ടു അസ്വസ്ഥമാകുന്നത്. കാഴ്ചപ്പാടനുസരിച്ചായിരിക്കും പ്രതികരണവും. നമ്മെക്കാൾ ഉന്നതരുമായി നമ്മെ തുലനം ചെയ്കയാണെങ്കിൽ, ദൈവം അവർക്കുള്ളതു പോലെ എന്തു

ശേഷം പേജ് 23 കാണുക

# മർദ്ദനം മത്സരം സ്നേഹം മാനസാന്തരം

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**



വലതുകാലു കുത്തി കയറിയാൽ "അയ്യോടാ വലതുകാലും കുത്തി ഐശ്വര്യമായിട്ടാണല്ലോ, എന്താ സ്ഥിരം കുടികിടപ്പാണോ" എന്നു പറഞ്ഞ് ഒന്നു കരണത്ത് കിട്ടും. ഇടതുകാൽ കുത്തി കയറിയാൽ "ലക്ഷണം കെട്ടവനെ, ശാപവും കൊണ്ടാണോ വരുന്നത്'' എന്ന് ചോദിച്ച് കിട്ടും ഒന്ന്. സാറെ എന്നു വിളിച്ചാൽ "എവിടെയാടാ നിന്നെ പഠിപ്പിച്ചത്" എന്നായി. അങ്ങനെ വിളിച്ചില്ലെങ്കിൽ "എടാ ഞാൻ നിന്റെ കളിച്ചങ്ങാതി ഒന്നുമല്ല" എന്നായി. തൊഴുതു കൊണ്ടു കയറിയാൽ "എന്താടാ റാസ്കൽ ഇത മ്പലമാണോ?" തൊഴുതില്ലെങ്കിൽ "ഇത് ചന്തയൊന്നുമല്ല കേട്ടോടേ?" പോലീസ് സ്റ്റേഷനുകളും ജയിലുകളും വ്യക്തിത്വങ്ങളെ തകർക്കുന്ന രംഗങ്ങളായി തീർന്നിരിക്കുകയാണ്. സ്റ്റേഷനിലെത്തിയാൽ യജമാനൻ... 'ചോദ്യം ചെയ്യൽ' എന്നൊരു പരിപാടിയുണ്ട്. ബൈബിളിൽ കാണുന്ന 'മഹാപീഡനകാല'മാണിത്.

പോലീസ് മർദ്ദനത്താൽ അന്ത്യശ്വാസം വലിക്കേണ്ടി വന്നിട്ടുള്ളവർ നമ്മുടെ നാട്ടിൽ വിരളമല്ല. ആജീവനാന്തം നിലനില്ക്കുന്ന ശാരീരിക മർദ്ദന പ്രതികരണം ഏല്ക്കേണ്ടി വന്നിട്ടുള്ളവർ നിരവധിയാണ്. ഇവിടെ കുംഭകോണവും കൊള്ളയും നടത്തുന്നവന് മറപിടിക്കയും, എള്ളു മോഷ്ടിക്കുന്നവനെ തുറന്നു കാണിച്ച് എന്നേക്കും നിഷ്പ്രഭനാക്കുകയും ചെയ്യുന്ന വ്യവസ്ഥിതിയാണുള്ളത്. കൊലപാതകങ്ങളെ രാഷ്ട്രീയ പൊതിച്ചിലിലാക്കി കുറ്റവാളിയെ രക്ഷിക്കുന്നു. രാഷ്ട്രീയനേതാവിന്റെ പ്രസംഗ ശൈലിയിൽ ഫിലിപ്പ് എന്ന തടവുകാരൻ എന്നോട് പറയുകയായിരുന്നു. വാസ്തവം എത്രയുണ്ടെന്ന് ഞാനറിയുന്നില്ല. എന്നാൽ മുഴുവനും തെറ്റല്ലെന്നുള്ളത് നഗ്നസത്യം മാത്രമാണ്. കുറ്റം തെളിയിക്കുവാനുള്ള സമീപനത്തിനു മർദ്ദനം ഒരു മാദ്ധ്യമമാണ്. മർദ്ദനത്തെ ഭയന്ന് കുറ്റം ഏല്ക്കുന്നവരുമുണ്ട്. ഏറ്റാലും ഏറ്റില്ലെങ്കിലും തല്ലുകിട്ടും. അതുകൊണ്ട് മൗനമായി മർദ്ദനമേല്ക്കുന്നവരുമുണ്ട്. എത്ര മർദ്ദനമേറ്റാലും ചെയ്ത കുറ്റം സമ്മതിക്കാത്തവരുമുണ്ട്. ഈ മാധ്യമം പരാജയപ്പെട്ടിരിക്കുന്നു എന്നതിന്റെ തെളിവാണിത്. മർദ്ദനത്തെ ഭയന്ന് കുറ്റകൃത്യങ്ങളിൽ നിന്ന് അകന്നു കഴിയുന്നവരുമുണ്ട് എന്നുള്ള വസ്തുത മറന്നുകളയുന്നില്ല. ഉരുട്ട്, വിമാനം പറപ്പിക്കൽ, ആനയും കുതിരയും കാണിക്കൽ, ഒറ്റക്കാലിൽ ഒരു മണിക്കൂർ നിർത്തുക, കാലിന്റെ വെള്ള അടിച്ചു പൊട്ടിക്കുക, നഖത്തിനടിയിൽ മൊട്ടുസൂചി അടിച്ചുകയറ്റുക അങ്ങനെ പോകുന്നു മൃഗീയ മർദ്ദനക്രമം. തടവിൽ കഴിയുന്ന പലരും ലോക്കപ്പിൽ അനുഭവിക്കേണ്ടി വന്നിട്ടുള്ള കഷ്ടാനുഭവ ദിവസങ്ങളെക്കുറിച്ച് എന്നോട് വിവരിച്ചിട്ടുണ്ട്. ദിവസങ്ങളും ആഴ്ചകളും ഇങ്ങനെ കഴിയേണ്ടി വന്നിട്ടുണ്ട്.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

40 വയസ്സിലേക്ക് പ്രവേശിച്ച സുകുമാരൻ എന്ന മദ്ധ്യവയസ്കനെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്താം. അവന്റെ വാക്കുകളിൽ തന്നെ "പേരു സുകുമാരൻ, മിന്നൽ സുകു എന്നു വിളിച്ചിരുന്നു. വയസ്സു നാല്പതേയുള്ളൂ.അറുപത് തോന്നുമെങ്കിലും. ഏഴുവർഷത്തോളം മോഷണക്കുറ്റത്തിന് ജയിലിൽ കിടന്നിട്ടുണ്ട്. ഒന്നും മോഷ്ടിക്കാതെയും ആരെയും ദ്രോഹിക്കാതെയും പിന്നീട് ജീവിച്ചുവെങ്കിലും 'സംശയം' എന്ന പേരിൽ പല

കുറി കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇപ്പോൾ ചുമച്ചാൽ കഫത്തിൽ ചോരമയമുണ്ട്. ഞാൻ അറിയാതെ ഇടയ്ക്കിടെ മൂത്രം പോകും. ചിലപ്പോൾ ചോരത്തുള്ളികളും. സൂപ്പും മരുന്നും ഒക്കെ കഴിച്ചു. എണീറ്റ് നടക്കാറായി. എങ്കിലും ശരീരം മുഴുവനും പലപ്പോഴും വേദനയാണ്. വേഗം മരിച്ചാൽ നന്നായിരുന്നു. മോഷണം നിർത്തി. വയ്യാഞ്ഞിട്ടല്ല തെറ്റാണെന്ന് ബോദ്ധ്യമായി. ഒരു പുതിയ ജീവിതം ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുവാൻ ഇനി നാളുകളില്ല. ഉത്തരേന്ത്യയിലെ ഒരു പഴയ തടവുകാരനാണ് സുകു. കണ്ണു കുത്തിപ്പൊട്ടിക്കുകയും ലൈംഗിക അവയവങ്ങൾക്ക് കേടുവരുത്തുകയും ചെയ്യുന്ന മർദ്ദനക്രമത്തിന്റെ ഒരു പരിണതഫലമാണ് സുകു. ജീവിതത്തിലൊരിക്കലോ നിരവധി പ്രാവശ്യമോ തെറ്റുചെയ്തതുകൊണ്ട് ഈ നിലയിൽ തകർക്കണമെന്നില്ലല്ലോ.

ഇരുപതാമത്തെ വയസ്സിലാണ് സുകു തൊഴിൽ ആരംഭിച്ചത്. സ്വർണ്ണാഭരണങ്ങൾ മോഷ്ടിക്കുകയായിരുന്നു അവന്റെ ധനാഗമമാർഗ്ഗം. രാത്രിയിൽ ഏതു വീട്ടിലും കയറും. ഉറങ്ങിക്കിടക്കുന്നവരുടെ കഴുത്തിൽ നിന്നോ കാതിൽ നിന്നോ സ്വർണ്ണാഭരണങ്ങൾ അപഹരിക്കും. ഒരിക്കൽ ഒരാശുപത്രിയിലെ നഴ്സസ് ക്വാർട്ടേഴ്സിൽ കയറി രാത്രിയിൽ 5 പേരുടെ ആഭരണങ്ങൾ മോഷ്ടിച്ചെന്ന് പറയുകയുണ്ടായി. പോലീസ് തെരയുന്നു എന്നു സംശയം വന്നതോടെ തീവണ്ടികളിൽ രാത്രികാലങ്ങളിൽ കയറി യാത്രക്കാരുടെ ആഭരണങ്ങൾ മോഷ്ടിക്കുവാൻ ആരംഭിച്ചു. ആ കാലഘട്ടത്തിലാണ് പിടിക്കപ്പെടുന്നത്. മർദ്ദനവും ഭീഷണിപ്പെടുത്തലും അയാളെ കൂടുതൽ മത്സരിയും കഠിനഹൃദയനുമാക്കി. അതാണ് ഒരിക്കൽ സ്വർണ്ണക്കടയിൽ കയറി ഉണ്ടായിരുന്നതെല്ലാം മോഷ്ടിക്കുവാൻ പ്രേരിപ്പിച്ചതെന്ന് സുകു ധൈര്യമായി പറയുകയുണ്ടായി. ആദ്യം പിടിക്കപ്പെട്ടപ്പോൾ മുതലേ മർദ്ദനവും പരിഹാസവും ഭീഷണിയുമല്ലാതെ പൊതുജനങ്ങളിൽ നിന്നും പോലീസിൽ നിന്നും കിട്ടിയിട്ടില്ല. സ്നേഹത്തോടെയോ കരുണയോടെയോ ആരും അവനെ സമീപിച്ചിട്ടില്ല. "ഇന്നു ഞാനൊരു മോഷ്ടാവിനെ കണ്ടാൽ തീർച്ചയായും വളരെ സ്നേഹത്തോടെ മാത്രമേ സമീപിക്കയുള്ളൂ. കള്ളനും മനുഷ്യനാണ്. സ്നേഹത്തോട്, അനുകൂലമായി പ്രതികരണം കാണിക്കുന്ന മനോഭാവമാണ് അവന്റേത്. മോഷ്ടാക്കളെ പലരെയും സ്നേഹത്തോടെ സമീപിച്ചാൽ ജീവിതത്തിലേക്ക് കൊണ്ടുവരാം" എന്നാണ് സുകുവിന്റെ അഭിപ്രായം. ഈ അഭിപ്രായത്തിലേക്ക് അവനെ കൊണ്ടുവരാനുള്ള കാരണമാണ് രസാവഹം.

"അന്നൊരു ശനിയാഴ്ചയായിരുന്നു. സെല്ലുകൾ തുറന്ന് ഞങ്ങളെയെല്ലാം ഇറക്കി ആഡിറ്റോറിയത്തിലിരുത്തി. കലാപരിപാടി എന്തോ ഉണ്ടെന്ന് തലേ ദിവസം പറയുന്നതു കേട്ടു. ഒരാൾ വന്ന് ഇംഗ്ലീഷിൽ പ്രസംഗിച്ചു. മറ്റൊരാൾ ഹിന്ദിയിലാക്കി. ഞാൻ ശ്രദ്ധിച്ചു കേട്ടു. ജീവിതത്തിനു നേരെയുള്ള വെല്ലുവിളിയായിരുന്നു അത്. സ്നേഹിക്കുന്ന ഒരു വ്യക്തിയുണ്ടെന്നും ആ വ്യക്തി ജീവിതത്തെ വ്യത്യാസപ്പെടുത്തുമെന്നും പറഞ്ഞു. ക്രൂശിൽ മരിച്ച സ്നേഹം ഏതു ജീവിതത്തിലും ഉയിർത്തെഴുന്നേല്ക്കുമെന്നും, ആ ജീവിതങ്ങളെ സമാധാനവും ഐശ്വര്യവുമുള്ളതാക്കിത്തീർക്കുമെന്നും, പാപത്തെക്കുറിച്ചും തെറ്റിനെക്കുറിച്ചുമുള്ള അനുതാപമാണ് ആദ്യപടി എന്നും ആവർത്തിച്ചു പറഞ്ഞു. അന്നു ഞാനൊരു തീരുമാനമെടുത്തു. ഇതൊന്നു പരീക്ഷിച്ചുനോക്കാം. നോക്കി വിജയിച്ചു. ജയിലിൽ നിന്നിറങ്ങിയ ഉടനെ എനിക്കാവശ്യമായിരുന്നത് ദീർഘമായ ഒരു ചികിത്സ ആയിരുന്നു. പ്രസംഗിക്കാൻ വന്ന ആളുകളെ ഞാൻ പോയി കണ്ടു. അവരുടെ സ്നേഹവും പെരുമാറ്റവും എന്നെ തെറ്റിൽ നിന്നും പിന്തിരിപ്പിച്ചു. അവർ ഒരു മിഷൻ ആശുപത്രിയിൽ എന്നെ ആക്കി. 6 മാസത്തെ ചികിത്സയ്ക്കു ശേഷം ഞാൻ നടക്കാവുന്ന നിലയിൽ പുറത്തിറങ്ങി. ദൈവത്തിന്റെ സ്നേഹം എന്നെയും തേടി, എന്നെയും കണ്ടെത്തി. ഇന്നു ഞാനാ സ്നേഹത്തിന്റെ ഫലമാണ്. മറ്റുള്ളവരിലേക്ക് ആ സ്നേഹം പകരുവാൻ എന്നാൽ ആവതുചെയ്യുന്നു. എന്റെ കൈയിൽ എപ്പോഴും 'തമ്പിയുടെ ഹൃദയം' എന്ന പുസ്തകം ഉണ്ടായിരിക്കും. അത് ഞാൻ മറ്റുള്ളവർക്കു കൊടുക്കുന്നു. പുതുജീവിതത്തിലേക്ക് അവരെ ആഹ്വാനം ചെയ്യുന്നു".

പാപവും പിശാചും തകർത്തുകളഞ്ഞ ജീവിതങ്ങളെ സ്നേഹത്തോടെ സമീപിക്കുമ്പോൾ വിപ്ലവകരമായ മാറ്റം ആ ജീവിതങ്ങളിലുണ്ടാകുന്നു. നിയമത്തിനും ബന്ധനത്തിനും ശിക്ഷയ്ക്കും സാധിക്കുവാൻ കഴിയാത്തത് സ്നേഹം സാധിപ്പിക്കുന്നു. അതാണ് ദൈവസ്നേഹം. ഇത് നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? ◈

# പ്രശ്നസാദ്ധ്യതാ മേഖലകൾ

**ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ**



പ്രശ്നസാദ്ധ്യതാമേഖലകളെക്കുറിച്ച് വിവാഹിതരും വിവാഹിതരാകുവാനുള്ളവരും അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ അറിവ് ഒരു മുന്നറിയിപ്പ് നമുക്കു തരും. പ്രശ്നങ്ങൾ വന്നുചേരാതെ സൂക്ഷിച്ചൊഴിഞ്ഞിരിക്കാൻ അതു നമ്മെ സഹായിക്കും. പ്രശ്നങ്ങൾ വന്നുചേരുമ്പോൾ അത് പരിഹരിക്കാനും ഈ അറിവ് സഹായകരമാണ്.

പ്രശ്നസാദ്ധ്യതാമേഖലകളിൽ സാർവ്വത്രികമായി കണ്ടുവരുന്ന ചില ഘടകങ്ങൾ സ്പർശിച്ച് മുന്നോട്ടുപോകാം.

1. ദമ്പതികൾ മാതാപിതാക്കളെയും ബന്ധുക്കളെയും സ്നേഹിതരെയും വിട്ടുപിരിയേണ്ടതുപോലെ വിട്ടുപിരിയുവാൻ സാധിക്കാത്ത സാഹചര്യം. ദമ്പതികൾ ഇതിനായി ക്രിയാത്മകമായും പ്രായോഗികമായും ശ്രമിക്കുകയും ബന്ധുക്കൾ അതിനായി ദമ്പതികളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. എന്നാൽ ഇതു ബന്ധുക്കളോടുള്ള ഉത്തരവാദിത്തങ്ങൾ മറന്നുകൊണ്ട് ആകുവാൻ പാടില്ല (എഫെസ്യർ 5:31).

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

2. മാനസികമായും വൈകാരികമായും ദമ്പതികൾ തമ്മിൽ പറ്റിച്ചേരാതിരിക്കുക. നിർബ്ബന്ധിച്ച് വിവാഹം കഴിപ്പിക്കുക. കുടുംബ ജീവിതത്തിനുള്ള താൽപര്യമില്ലായ്മ, കുടുംബജീവിതത്തിലെ അമിത പ്രതീക്ഷകൾ, അതൃപ്തി, സമർപ്പണക്കുറവ് ഇവയൊക്കെ ഇതിനു കാരണമായിത്തീരാം. വിഭിന്ന ജീവിത ലക്ഷ്യങ്ങളും ഒരാളിന്റെ ഉന്നതഭാവവും അടിച്ചമർത്തലും വാഗ്വാദങ്ങളും ഒക്കെ പറ്റിച്ചേരേണ്ടതിനെ തടസ്സപ്പെടുത്തുന്ന കാരണങ്ങളാകും. പറ്റിച്ചേരുന്നതിന്റെ മനോഹരമായ ദൃഷ്ടാന്തമാണ് യിസ്ഹാക്കും റെബേക്കയും (ഉൽപത്തി 24:67;26:8; 25:11).

3. ദൈവഭയത്തിൽ ദമ്പതികൾ അന്യോന്യം കീഴ്പ്പെട്ടിരിക്കയും ഭാര്യ ഭർത്താവിന് കീഴ്പ്പെട്ടിരിക്കയും ചെയ്യുവാനുള്ള സന്മനസ്സില്ലായ്മ, കുടുംബസംസ്കാരം, വൈകല്യങ്ങൾ, ഉന്നതവിദ്യാഭ്യാസ നിലയിലുള്ള വ്യത്യാസങ്ങൾ, അഹംഭാവം, താൻപോരിമ ഇവയൊക്കെയാണ് കീഴ്പെടുന്നതിന് വിഘാതമായി നില്ക്കുന്ന ഘടകങ്ങൾ (എഫെസ്യർ 5:21-30, കൊലൊസ്യർ 3:18-19)

4. ക്ഷമിക്കാനും മറക്കുവാനുമുള്ള സന്മനസ്സില്ലായ്മ. ഇതു ഒരു വലിയ ആത്മീയ പ്രശ്നമാണ്. സ്വന്തം കുറവുകളെ കാണുവാനും ദൈവത്തോടു നിരപ്പു പ്രാപിക്കുവാനും സാധിക്കുന്ന ഒരാൾക്കു മാത്രമെ പങ്കാളിയോടു ക്ഷമിക്കുവാനും ക്ഷമിച്ചത് മറക്കുവാനും സാധിക്കുകയുള്ളൂ. ദമ്പതികൾ മനഃപൂർവ്വമായി ക്ഷമിക്കയും ക്ഷമ ചോദിക്കയും ചെയ്തു കഴിഞ്ഞ കാലത്തെ പരാജയങ്ങളെ പുറകിൽ എറിഞ്ഞുകളഞ്ഞുവെങ്കിലും മാത്രമെ ഒരുമിച്ചു മുന്നോട്ടുപോകുവാൻ സാധിക്കൂ എന്നോർത്തിരിക്കണം. ദൈവത്തോട് ക്ഷമ ചോദിക്കാതിരിക്കുന്നതും പങ്കാളിയോട് ക്ഷമിക്കാതിരിക്കുന്നതും ദൈവാത്മാവിനെ ദുഃഖിപ്പിക്കുന്ന ഒരു കാര്യമാണ് (കൊലൊസ്യർ 3:12-14; മത്തായി 6:14-15;

എഫെസ്യർ 4:30; 1 തെസ്സലോനിക്യർ 5:19).

5. അമിതമായ കോപം, മുൻകോപം, ക്രോധം ഇതെല്ലാം ദൈവാത്മാവിനോടും പങ്കാളിയോടും ചെയ്യുന്ന പാപങ്ങളാണ്. ഇതുമൂലം പങ്കാളിക്ക് ഹൃദയതകർച്ചയും ഉണങ്ങാത്ത മുറിവുകളും നിരാശാബോധവും ഉളവാക്കുകയും ഹൃദയങ്ങൾ അകലുവാൻ ഇടയാക്കുകയും ചെയ്യും. കോപം ജഡത്തിന്റെ പ്രവൃത്തിയാണ് എന്നതിനാൽ അതിന്മേൽ വിജയം ലഭിക്കേണ്ടത് ഓരോ ദമ്പതികൾക്കും ഒഴിച്ചു കൂടാൻ പാടില്ലാത്തതാണ്. (ഗലാത്യർ 5:19-21; എഫെസ്യർ 5:26-27; കൊലൊ. 3:8,യാക്കോബ് 1:19-20).

6. എന്തിലും ഏതിലും ക്രൂരമായി വിമർശിക്കുകയും കുറ്റം കണ്ടുപിടിക്കയും നല്ല കാര്യങ്ങൾ അഭിനന്ദിക്കാതിരിക്കയും ചെയ്യുന്ന പ്രവണത. വിമർശനവും കുറ്റം കണ്ടുപിടിക്കലും മൂലം തർക്കങ്ങളും കോപാക്രാന്തങ്ങളും ഉണ്ടാവുകയും കേട്ടുകൂടാത്ത വാക്കുകൾ ഉപയോഗിക്കുന്നതുമൂലവും പങ്കാളിക്ക്. ഹൃദയത്തിൽ ആഴമേറിയ മുറിവുണ്ടാകുകയും ചെയ്യും. മറുവശത്ത്, ഏതു നല്ല കാര്യം ചെയ്താലും അഭിനന്ദിക്കാത്ത സ്വഭാവം പങ്കാളിക്ക് ആഴമേറിയ നിരാശാബോധം ഉണ്ടാക്കുകയും മാനസിക സമ്മർദ്ദങ്ങൾ ഉളവാക്കുകയും ചെയ്യും. സ്വയത്തിന്റെ ചിന്ത, മൂർച്ചയുള്ള നാവ്, താൻപോരിമ ഇതൊക്കെയും ക്രൂശിച്ച് നിരന്തരമായി ജീവിക്കുന്നു എങ്കിൽ മാത്രമെ ഇവ്വിധം ദുഃഖകരമായ സ്വഭാവത്തിൽ നിന്നും പെരുമാറ്റത്തിൽ നിന്നും ദമ്പതികൾക്ക് മോചനം ലഭിക്കുകയുള്ളൂ. ആത്മാവിനെ അനുസരിച്ചു നടന്നാൽ ഇത്തരം മൂർച്ചയേറിയ ജഡിക ജീവിതസരണിയിൽ നിന്നും ദമ്പതികൾക്ക് മോചനം ലഭിക്കും (1 തെസ്സലോനിക്യ 5:11; എബ്രാ. 3:13, 10:24-25). പങ്കാളിയെ പരിഹസിച്ച് വേദനിപ്പിക്കുന്നത് പങ്കാളിക്ക് ഹൃദയത്തിൽ ആഴമായി മുറിവേല്ക്കുന്നതിനിടയാക്കും. ദാവീദിനെ പരിഹസിച്ച് നിസ്സാരനാക്കിയ മീഖളിനു സംഭവിച്ച താഴ്ച നാം മറക്കരുത് (2 ശമു. 6:16-23).

7. പങ്കാളിയെ തെറ്റായ നിലയിൽ അവർക്കറിയാവുന്ന മറ്റു വ്യക്തികളുമായി താരതമ്യം ചെയ്യുന്ന സംഭാഷണരീതി. ഇത് പങ്കാളിയിൽ ആഴമായ നിരാശാബോധവും അപകർഷതയും ഉണ്ടാക്കുകയും അവരുടെ ആത്മാഭിമാനത്തിന് ക്ഷതം ഏല്പിക്കയും ചെയ്യും. പങ്കാളിയെ മറ്റുവ്യക്തികളുമായി താരതമ്യം ചെയ്തു. ചെറുതാക്കി കാണിക്കുന്നതും അവർക്ക് ഹൃദയഭേദകമായിരിക്കും (ഗലാ. 6:5).

8. മാനസികമോ ശാരീരികമോ ആയ അപര്യാപ്തതകൾ പങ്കാളിയിൽ ആരോപിക്കുക. ഇതു വാസ്തവമാണെങ്കിൽ അതിനുള്ള പ്രതിവിധി കണ്ടുപിടിക്കാനും വേണ്ടത് ചെയ്യുവാനും പങ്കാളി ദൈവസന്നിധിയിൽ കടപ്പെട്ടിരിക്കുന്നു. എന്നു മാത്രമല്ല, ഇത്തരം സന്ദർഭങ്ങളിൽ അപര്യാപ്തതകൾ പിറുപിറുപ്പിനും പരാതിക്കും ഇടം കൊടുക്കാതെ പങ്കാളിയോടുകൂടെ ദയാവായ്പോടും സഹനശക്തിയോടുംകൂടെ വസിച്ച് പങ്കാളിയെ സഹായിക്കയാണ് ഒരു ഉത്തമപങ്കാളിയുടെ ധർമ്മം. മറുവശത്ത് ഊഹാപോഹത്തിന്റെ അടിസ്ഥാനത്തിലും മുൻവിധിയോടെയും സംശയദൃക്കായും പങ്കാളിയോടു ഇടപെടാതിരിക്കാനും ദമ്പതികൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു (1 പത്രൊസ് 3:8,9; 1 തെസ്സലോനിക്യർ 5:14; എഫെസ്യർ 5:4; 4:2-3)

9. ആത്മീയ ജീവിത പരാജയങ്ങൾ ദമ്പതികൾക്കിടയിൽ പ്രശ്നങ്ങളുണ്ടാക്കുന്നത് സർവ്വസാധാരണമാണ്. ദമ്പതികളിൽ ഒരാളോ രണ്ടുപേരുമോ പിന്മാറ്റത്തിലും അനാത്മികത്വത്തിലും ജീവിച്ച് പ്രാകൃത മനുഷ്യനെപ്പോലെ പെരുമാറുന്നത് പ്രശ്നങ്ങൾക്ക് കാരണമാകും. ഇത് ആശയവിനിമയത്തിൽകൂടി ജീവിതങ്ങളിൽ പ്രതിഫലിക്കാറുണ്ട്. സംസാരത്തിൽക്കൂടിയുള്ള യുദ്ധങ്ങൾ ഇത്തരം കുടുംബങ്ങളിൽ സർവ്വസാധാരണമാണ്. ഓരോ പങ്കാളിയും ഈ യുദ്ധത്തിൽ ജയിക്കാനായി ശ്രമിക്കാറുണ്ട്. അതനുസരിച്ച് പീഡനതുല്യമായ സംസാരം മൂലം അവർ അന്യോന്യം മുറിപ്പെടുത്തുകയും ശാരീരികവും മാനസികവുമായ പീഡനങ്ങൾ തമ്മിൽത്തമ്മിൽ പ്രയോഗിക്കുകയും ചെയ്തുപോകുന്നു. പ്രതികാരദാഹം അവരെ ഭരിക്കുകയും അത് പെരുമാറ്റത്തിലും സംസാര

ത്തിലും പ്രതിഫലിക്കുകയും ചെയ്യുന്നു. ചില പ്പോൾ "നീണ്ടുനില്ക്കുന്ന നിശബ്ദത" എന്ന ആയുധവും അവർ തമ്മിൽ ഉപയോഗിച്ചു എന്നുവരും. പിന്മാറ്റ ജീവിതത്തിൽ നിന്നുള്ള മടങ്ങിവരവുകൊണ്ടു മാത്രമേ ഈവിധ പ്രശ്ന ങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ (ഗലാ. 5:15–18; 5:25–26; എഫെ. 4:17–32).

10. പങ്കാളിയുമായി ആശയവിനിമയം നട ത്താതെ ഒരാൾ തനിയെ കൈക്കൊള്ളുന്ന സുപ്രധാനമായ കുടുംബപരമായ തീരുമാന ങ്ങൾ മറ്റെ വ്യക്തിയെ കുടുംബജീവിതത്തിൽ അപ്രധാനമാക്കിത്തീർക്കുന്നു. ഇത് മാനസിക വ്യഥയ്ക്ക് ഇടയാക്കാറുണ്ട്. സാമ്പത്തിക കാര്യ ങ്ങളിലാണ് ഇത് വളരെ കൂടുതൽ പ്രതിഫ ലിച്ചു കാണാറുള്ളത്. പരപ്രേരണ ഇത്തരം കാര്യങ്ങളിൽ ഉണ്ടാകുമ്പോൾ അത് പരസ്പര സംശയത്തിനും വിശ്വാസ്യത നശിക്കുന്ന തിനും ഇടയാക്കും. കുടുംബപരമായ എല്ലാ സുപ്രധാന തീരുമാനങ്ങളും പരസ്പര ധാര ണയോടും ഐകമത്യത്തോടും ഒന്നിച്ചുള്ള പ്രാർത്ഥനയിലെ കൂട്ടായ്മയാലും ക്ഷമയോ ടെയും പരസ്പരവിശ്വാസത്തിലും കൈക്കൊ ണ്ടാൽ കുടുംബത്തിലും ഹൃദയത്തിന്റെയും ആത്മാവിന്റെയും ഐക്യവും സമാധാനബന്ധ ത്തിൽ കാത്തുസൂക്ഷിക്കുവാൻ സാധിക്കും (ഫിലി. 2:1–5; 4:2, ഗലാ. 5:15–18; കൊലൊ.3:16–17).

ഭാര്യാഭർത്തൃബന്ധത്തിലെ അനൈ ക്യവും മത്സരവും പ്രതികാരപ്രവൃത്തികളും ജഡികമായ എല്ലാ പ്രതികരണങ്ങളും ഒരു വിധ ത്തിൽ പറഞ്ഞാൽ മക്കളുടെ മുമ്പിൽ ദമ്പതി കൾ പ്രദർശിപ്പിക്കുന്ന ഒരു ജീവിതനാടകം പോലെയാണ്. ഈ നാടകവും അതിന്റെ ദുര ന്തഫലങ്ങളും കണ്ടും അനുഭവിച്ചു ഹൃദയം നൊന്തും നുറുങ്ങിയും ജീവിക്കുന്ന അനേക കുഞ്ഞുങ്ങൾ കുടുംബങ്ങളിലുണ്ട്. ഈ ദുരന്തം നിറഞ്ഞ അനാത്മികനാടകം അനേകം കുഞ്ഞു ങ്ങളെ നിരാശയിലേക്കും അനാത്മിക ജീവിത ത്തിലേക്കും നയിച്ചുകൊണ്ടിരിക്കുന്നു. പല കുഞ്ഞുങ്ങളും മാതാപിതാക്കളുടെ അനാത്മിക മാതൃക കണ്ടു പഠിച്ച് സ്വന്തജീവിതത്തിൽ പകർത്തി തങ്ങളുടെ കുടുംബ ജീവിതങ്ങളും തകർത്തുകളയുന്നു. ദമ്പതികൾ ഇങ്ങനെ തങ്ങ ളുടെ കുടുംബ ജീവിതം തകർക്കുന്നതു കൂടാതെ അനന്തരതലമുറകളെയും തകർക്കു കയാണ് എന്നോർത്തു ഭയഭക്തിയോടുകൂടി തങ്ങളുടെ കുടുംബ ജീവിതങ്ങളെ ക്രിസ്തു വിലും പരിശുദ്ധാത്മാവിലും പണിതുയർത്താൻ ദൈവം സഹായിക്കട്ടെ. അതിനായി കഴിഞ്ഞ കാലങ്ങളിലെ പരാജയങ്ങളെ തമ്മിൽത്തമ്മിൽ ഏറ്റുപറഞ്ഞ് അനുതാപത്തോടെ ജീവിക്കാം. ഇടിഞ്ഞുകിടക്കുന്ന നമ്മുടെ കുടുംബജീവിത ങ്ങളുടെ മതിലുകൾ പണിയപ്പെടട്ടെ (നെഹ. 2:17; 3:20–30; സദൃശ. 14:1; 9:11). ◈

---

പേജ് 18 ന്റെ തുടർച്ച (**നന്ദി വേണോ പണം വേണോ**)

കൊണ്ട് നമുക്കും ഭൗതികനന്മകൾ തന്നില്ല എന്നു ദൈവത്തെ ചോദ്യം ചെയ്യാനിടയുണ്ട്. ദൈവത്തെ ചോദ്യം ചെയ്യുന്ന ഹൃദയത്തിൽ നന്ദിയുടെ ഒരു കണികപോലും കാണുകയില്ല. എന്നാൽ നമ്മെക്കാൾ ഹതഭാഗ്യരായവരുമായി നമ്മെ താരതമ്യം ചെയ്യുന്ന പക്ഷം, അവർക്കു ലഭിച്ചതിൽ അത്യധികമായ നന്മകളാൽ നമ്മെ അനുഗ്രഹിച്ച ദൈവത്തിനു ഒരുപാടു നന്ദിക രേറ്റുവാൻ ഇടയാകും. നമ്മുടെ നന്ദിയുടെയും നന്ദികേടിന്റെയും ഒക്കെ ആധാരം നമ്മുടെ മനോഭാവത്തിൽ അധിഷ്ഠിതമാണെന്നു അനു മാനിക്കുന്നതിൽ അപാകതയില്ല.

പ്രിയ സ്നേഹിതാ, താങ്കൾ ആരുമായി ട്ടാണു താങ്കളെ താരതമ്യം ചെയ്യുന്നത്? നമ്മെ ക്കാൾ ഉന്നതരുമായോ അതോ നമ്മെക്കാൾ താഴെത്തട്ടിലുള്ളവരുമായോ? നമ്മുടെ അധരപു ടങ്ങൾ ആമന്ത്രണം ചെയ്യുന്നത് നന്ദിയെന്നോ അതോ പണമെന്നോ? രണ്ടും വേണം: **നന്ദിയും** വേണം : പണവും വേണം. ഒന്നോർക്കുക. നന്ദി യുണ്ടെങ്കിലേ പണവും കിട്ടുകയുള്ളൂ. പണം കിട്ടു മ്പോഴെങ്കിലും നന്ദി പറയുക. ദൈവത്തോടും നമുക്കു നന്മകൾ നല്കാൻ ദൈവം നിയോഗി ക്കുന്ന മനുഷ്യരോടും നന്ദിയും കടപ്പാടും ഉള്ളവ രായി ജീവിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. ◈

# Seasoned Speech

**Dr. Jane Anchan, Calgary, Canada**



"For all the law is fulfilled in one word, even in this: "You shall love your neighbor as yourself." Galatians 5:14 NKJV

"Therefore, putting away lying, "Let each one of you speak truth with his neighbor," for we are members of one another. "Be angry, and do not sin": do not let the sun go down on your wrath, nor give place to the devil. Let him who stole steal no longer, but rather let him labor, working with his hands what is good, that he may have something to give him who has need. Let no corrupt word proceed out of your mouth, but what is good for necessary edification, that it may impart grace to the hearers. And do not grieve the Holy Spirit of God, by whom you were sealed for the day of redemption. Let all bitterness, wrath, anger, clamor, and evil speaking be put away from you, with all malice. And be kind to one another, tenderhearted, forgiving one another, even as God in Christ forgave you." Ephesians 4:25-32 NKJV

"Let your speech always be with grace, seasoned with salt, that you may know how you ought to answer each one." Colossians 4:6 NKJV

"That we should no longer be children, tossed to and fro and carried about with every wind of doctrine, by the trickery of men, in the cunning craftiness of deceitful plotting, but, speaking the truth in love, may grow up in all things into Him who is the head-Christ" Ephesians 4:14-15 NKJV

There is no question that our world has had more divisive issues arise in the recent past than ever before. With the onset of the pandemic, the heated political climate, and our views on health and safety, we all undoubtedly fall into various spectrums of thought. Be it our cultural, religious, scientific or political ideals, we all have beliefs that we will vehemently defend. In the process of doing this, many do not mind any collateral damage that may arise. With the numerous atrocities that we see in the world it seems justifiable to be outraged and outspoken, but commonly this emboldens some to speak with little wisdom and even less love. Unfortunately, the Church is not exempt from this. Over the past few years it seems we have dug our feet deep into the ground on numerous positions and ostracized those who may not align with our viewpoint - and at times have elevated political parties and worldly ideologies to the level of our faith. It is a pattern that has developed over many years, and has caused much damage to the testimonies of those who claim to follow Christ. We seem more interested in proving our point than in caring for the soul whom we are trying to convince.

If Christ claimed that all the laws - even the ones we may fight so hard to preserve - hang on the truth that we love our neighbor, does this not also apply in how share our beliefs and conduct our lives? Does it also not apply to our discourse with those who disagree? When we share our opinions or beliefs, do we do so in a way that honors God and shows love to our neighbor? Is there a way to reconcile the righteous anger we may feel toward injustice with our calling to be loving in interactions with others?

I used to find the passage in Ephesians 4:26 to be a somewhat perplexing one: "be angry"…but "do not sin". It gives us room to feel the emotion of anger; however, it sits alongside verse 29 which reminds us to impart words of grace with which to edify. It recognizes the reality that there will be circumstances, situations, and events that will cause anger but that our reaction or reproof in such things should be seasoned with grace. It may seem like a dichotomy, but it is actually meant for harmony. To have one and not the other leads to ineffective and unloving conver sations and detracts from the work God has called us to. If we defend a cause so ardently but in doing so drive away those we are trying to bring into the fold, what have we really achieved? While neither abrasiveness nor passivism proves effective, wisdom that is shared with love and grace has the power to convince and persuade. In this season where we feel pressured to form our camps and stake out our ground, I hope we are able to reach out to others in a loving way, being gracious and leaving room for the Spirit to work. In those circumstances when we cannot come to an agreement, I hope we are reminded that each soul was created by a Father who loves them to the point of sacrificial love. May that be a pattern we are willing to emulate in our walk, talk and actions.

---

പേജ് 6 ന്റെ തുടർച്ച **(ഒറ്റപ്പെടുന്നവർ)**

മ്പോൾ അവരുടെ മാതാപിതാക്കളെയും സ്നേഹിക്കുവാനും കരുതുവാനും അവർക്കും ഇടയാകട്ടേ. “മക്കളെ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അത് ന്യായമല്ലോ “നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക” എന്നത് വാഗ്ദത്തത്തോട് കൂടിയ ആദ്യ കല്പ്പന ആകുന്നു (എഫെസ്യർ 6:1,2). ഉൽപത്തി പുസ്തകം പരിശോധിച്ചാൽ വളരെ മാതൃകയോട് ജീവിച്ച പിതാക്കന്മാരെ കാണാം 25:9 അബ്രഹാം 175 വയസ്സുവരെ ജീവിച്ച് മരിച്ചപ്പോൾ തന്റെ മക്കളായ യിസഹാക്കും യിശ്മയേലും കൂടി മക്പേല ഗുഹയിൽ അടക്കിയതായി കാണാം 35:29-ൽ യിസഹാക്ക് വയോധികനും കാല സമ്പൂർണ്ണനുമായി പ്രാണനെ വിട്ട് മരിച്ചപ്പോൾ തന്റെ പുത്രന്മാരായ ഏശാവും യാക്കോബും അവനെ അടക്കി. 49:33-ൽ യാക്കോബ് തന്റെ പുത്രന്മാരോടു ആജ്ഞാപിച്ചു തീർന്ന ശേഷം അവൻ കാൽ കട്ടിലിന്മേൽ എടുത്തു വെച്ചിട്ടു പ്രാണനെ വിട്ടു തന്റെ ജനത്തോട് ചേർന്നു. 12 മക്കളും യാക്കോബിനെ അടക്കം ചെയ്തപ്പോൾ കൂടെയുണ്ടായിരുന്നു. 50:13-ൽ യോസഫ് കല്പിച്ചിരുന്നതുപോലെ പുത്രന്മാർ അവനെ കനാൻ ദേശത്തേക്ക് കൊണ്ടുപോയി അബ്രഹാം ഹിത്യനായ എഫ്രോനോട് ശ്മശാന ഭൂമിയായി ജന്മം വാങ്ങിയ മക്പേല എന്ന നിലത്തിലെ ഗുഹയിൽ അവനെ അടക്കം ചെയ്തു. ഇതിൽ നിന്നെല്ലാം പിതാക്കന്മാരുടെ തലമുറ അവരുടെ മാതാപിതാക്കളെ മരണസമയത്ത് ശുശ്രൂഷിച്ചുകൊണ്ട് അടുക്കൽ തന്നെ ഉണ്ടായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. എത്ര നല്ല മാതൃകയാണ് അവർ നമുക്ക് കാണിച്ചു തന്നിരിക്കുന്നത്. നമുക്കും ആ പാത പിന്തുടർന്ന് ജീവിക്കാൻ കർത്താവ് കൃപ നല്കുമാറാകട്ടെ.

**ഈ ലക്കം Quest 86 –ലെ ചോദ്യങ്ങൾ ഉൽപത്തി 26 മുതൽ 50 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നാണ്.**

Bible Quiz 86

1. യാക്കോബ് ബേഥേലിന് നല്കിയ പേര് എന്ത്?
2. ഫെലിസ്ത്യരുടെ രാജാവ് ആര്?
3. യോസേഫിന്റെ സഹോദരന്മാർ ധാന്യം കൊള്ളുവാൻ പോയത് എവിടെയാണ്?
4. പാനപാത്രവാഹകന്മാരുടെ പ്രമാണിയെയും അപ്പക്കാരുടെ പ്രമാണിയെയും യോസേഫിന്റെ പക്കൽ ഏല്പിച്ചത് ആരാണ്?
5. യാക്കോബിനെ അടക്കം ചെയ്ത സ്ഥലം എവിടെയാണ്?
6. ഏരിന്റെ ഭാര്യ ആരാണ്?
7. ഫറവോൻ യാക്കോബിനും പുത്രന്മാർക്കും അവകാശമായി കൊടുത്ത ദേശം ഏത്?
8. യിശ്മായേല്യരുടെ കൈയ്യിൽ നിന്ന് യോസേഫിനെവിലയ്ക്ക് വാങ്ങിയത് ആര്?
9. ബിൽഹയുടെ മകന്റെ പേര് എന്ത്?
10. ബാസമത്തിന്റെ മകൻ ആര്?
11. യാക്കോബ് പദ്ദൻ-അരാമിൽ നിന്ന് വന്ന ശേഷം സമാധാനത്തോടെ എത്തി പാളയമടിച്ചത് എവിടെയാണ്?
12. 'ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ' ആര് ആരോട് പറഞ്ഞു?
13. യാക്കോബിന്റെ ആദ്യജാതൻ ആര്?
14. ലാബാന് എത്ര പുത്രിമാരാണ് ഉണ്ടായിരുന്നത്?
15. 'ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്ക് ജീവഹാനി വന്നില്ല' ആർക്ക്?
16. ഹാമോരിന്റെ മകൻ ആരാണ്?
17. യോസേഫിനെ കൊന്നുകളവാൻ സഹോദരന്മാർ ശ്രമിച്ചപ്പോൾ രക്തം ചൊരിയിക്കരുത് എന്ന് പറഞ്ഞത് ആര്?
18. ബേഥേലിന്റെ പഴയപേര് എന്ത്?
19. സാഹസക്കാർ എന്ന് യാക്കോബ് വിളിച്ച പുത്രന്മാർ ആരെല്ലാം?
20. നീ യാക്കോബിനോട് ഗുണമെങ്കിലും ദോഷമെങ്കിലും പറയാതിരിപ്പാൻ സൂക്ഷിച്ചു കൊൾക എന്ന് യഹോവ കല്പിച്ചത് ആരോട്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**കൊസ്റ്റ് 86–** ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം **2022 ഡിസംബർ 20 നു** മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം – 695 011, കേരളം**

## QUEST– 85 ന്റെ ശരി ഉത്തരങ്ങൾ

1. പീക്കോൽ (ഉൽപത്തി 21:22)
2. അമ്മോന്യർ (ഉൽപത്തി 19:38)
3. ശ്മശാനഭൂമി (ഉൽപത്തി 23:4)
4. നോഹ (ഉൽപത്തി 9:20)
5. ദമ്മേശെക്ക് (ഉൽപത്തി 15:2)
6. പീശോൻ (ഉൽപത്തി 2:11)
7. ഊരിൽവച്ച് (ഉൽപത്തി. 11:28)
8. ഉപ്പുകടൽ (ഉൽപത്തി 14:3)
9. ഏദെന്ന് കിഴക്ക് നോദ് (ഉൽപത്തി 4:16)
10. ശൂരിനുപോകുന്ന വഴിയിലെ നീരുറവ (ഉൽപത്തി 16:7)
11. ഗെരാർ രാജാവായ അബീമേലെക് (ഉൽപത്തി 20:4)
12. മെസൊപ്പൊത്താമ്യ (ഉൽപത്തി 24:10)
13. 3 പേർ (ഉൽപത്തി 18:2)
14. സോവർ (ഉൽപത്തി 19:23)
15. ഫറവോനെയും അവന്റെ കുടുംബത്തെയും (ഉൽപത്തി 12:17)
16. നിമ്രോദ് (ഉൽപത്തി 10:8,9)
17. സോദോം, ഗൊമോര (ഉൽപത്തി 13:10)
18. 969 (ഉൽപത്തി 5:27)
19. അറുന്നൂറ് (ഉൽപത്തി 7:6)
20. റിബെക്ക (ഉൽപത്തി 25:20)

Published by George John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891